# ദക്ഷിണധ്വനി

Voice of St. Thomas Youth Movement, South Pampady

സൗത്ത് പാമ്പാടി സെന്റ് തോമസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 3 | ലക്കം 2 | ഓഗസ്റ്റ് - ഒക്ടോബർ 2009 | പേജ് 6


## കോട്ടയം ഭദ്രാസനം കേന്ദ്ര നേതൃത്വത്തിലേയ്ക്ക്

കോട്ടയം: ഒക്ടോബർ 10 ശനിയാഴ്ച ദേവലോകത്ത് വച്ച് നടന്ന യുവജന പ്രസ്ഥാനം കേന്ദ്ര അസംബ്ലിയിൽ കോട്ടയം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിലിനെ കേന്ദ്ര വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു ഉമ്മൻ ജോണിനെ ട്രഷറർ സ്ഥാനത്തേക്ക് വീണ്ടും തെരഞ്ഞെടുത്തു. കോട്ടയം ഭദ്രാസനത്തിൽ നിന്നുള്ള കേന്ദ്ര കമ്മറ്റിയംഗം രഞ്ചു കെ. മാത്യുവും അനിലും യുവജനം മാസികയുടെ പത്രാധിപ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## മലബാറിന് ആവേശമായി യുവജനസമ്മേളനം

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 73-ാം മത് അന്തർദേശീയ സമ്മേളനം, മലബാർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നിലമ്പൂർ, പോത്തുകൽ കാതോലിക്കേറ്റ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് (പത്രോസ് മാർ ഒസ്താത്തിയോസ് നഗറിൽ) സെപ്റ്റംബർ 3, 4, 5 തീയതികളിൽ നടത്തപ്പെട്ടു.

സെപ്തംബർ 3-ാം തീയതി രാവിലെ രജിസ്ട്രേഷനോടെ ആരംഭിച്ച സമ്മേളനത്തിൽ മലബാർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. സഖറിയ മാർ തെയോഫിലോസ് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് ഓർത്തഡോക്സ് സെമിനാരിയിലെ ഫാ. ഡോ. ബേബി വറുഗീസ് 'ആത്മാവിലും സത്യത്തിലും' എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. സമ്മേളനത്തിന്റെ ഉദ്ഘാടനം പ. ബസ്സേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവി മുഖ്യാതിഥിയായിരുന്നു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ പൗലോസ് മാർ മിലിത്തിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് നവാഭിഷിക്തരായ 7 തിരുമേനിമാർക്കും മലബാർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരണവും അനുമോദനവും നൽകി. ഏഴ് വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം യുവജന പ്രസ്ഥാനം പ്രസിഡന്റ് സ്ഥാനത്ത് നിന്നും വിരമിച്ച അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തോസിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് കേന്ദ്ര സെക്രട്ടറി സജി ആൻഡ്രൂസ് സംസാരിച്ചു. ആശംസകൾ നേർന്നുകൊണ്ട് എം. ഐ ഷാനവാസ് എം. പി. ശ്രീ. ആര്യാടൻ മുഹമ്മദ് എം. എൽ. എ., മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, ഏബ്രഹാം മാർ എപ്പിപ്പാനിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, ഫാ. കെ. എ. ഏബ്രഹാം, ഫാ. മാത്യു കോലമല എന്നിവർ സംസാരിച്ചു. ഫാ. ഗീവർഗീസ് പൊന്നോല സ്വാഗതവും, പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. സ്പെൻസർ കോശി നന്ദിയും അറിയിച്ചു.

തുടർന്ന് സന്ധ്യാനമസ്കാരവും കലാസന്ധ്യയും നടത്തി. പ്രശസ്ത സിനിമാ സംവിധായകൻ ആര്യാടൻ ഷൗക്കത്ത് കലാസന്ധ്യ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ഡോ. യുഹാനോൻ മാർ മിലിത്തോസ് തിരുമേനി യുവജന സമ്മേളനത്തിന്റെ വിഷയാവതരണം നടത്തി.

സെപ്തംബർ 4-ാം തീയതി ഫാ. ഡോ. സാബു കുര്യാക്കോസിന്റെ ക്ലാസ്സോടുകൂടി പരിപാടികൾ ആരംഭിച്ചു. സത്ഗുരു യോഗാശ്രമം ടീം യോഗാ പരിശീലനം നൽകി. അതിനുശേഷം പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകയായ സിസ്റ്റർ ദയാഭായിയുമായി അഭിമുഖവും സംവാദവും നടന്നു. തുടർന്ന് "അതിരുകളുടെ വൈരുദ്ധ്യാത്മകത" എന്ന വിഷയത്തെകുറിച്ച് കാലടി സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. എസ്. രാധാകൃഷ്ണൻ ക്ലാസ്സെടുത്തു. പ്രൊഫസർ ജേക്കബ് കുര്യൻ ഓണാട്ടിന്റെ നേതൃത്വത്തിൽ "എന്റെ സഭ എന്റെ സ്വപ്നം" എന്ന പേരിൽ മലങ്കര സഭാ മിഷൻ 2012-ശില്പശാല സംഘടിപ്പിച്ചു. വെരി. റവ. എം. ഡി. യൂഹാനോൻ റമ്പാൻ മുഖ്യാത്ഥിയായിരുന്നു. തുടർന്ന് സംഘടനാ ചർച്ചയും പ്രവർത്തന അവലോകനവും നടന്നു.

സെപ്തംബർ 5-ാം തീയതി വി. കുർബ്ബാനയ്ക്കുശേഷം സമാപന സമ്മേളനം ആരംഭിച്ചു. പ്രസ്ഥാനം കേന്ദ്ര വൈസ്പ്രസിഡന്റ് ഫാ. കോശി ജോൺ സ്വാഗതം ആശംസിച്ചു. യുവജന പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം സംസ്ഥാന ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലാ കളക്ടർ എം. സി. മോഹൻദാസ് ഐ. എ. എസ്. മുഖ്യ പ്രഭാഷണം നടത്തി. പഠനസഹായിയുടെ പ്രകാശനം സഖറിയ മാർ തെയോഫിലോസ് നിർവ്വഹിച്ചു. മുൻ കേന്ദ്ര സെക്രട്ടറിമാർക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് കേന്ദ്ര സെക്രട്ടറി പി. വി. സാജു സംസാരിച്ചു. സമ്മേളനത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് കേന്ദ്ര ട്രഷറർ ശ്രീ. ഉമ്മൻ ജോൺ സംസാരിച്ചു.

ഏകദേശം 800-ഓളം യുവജനങ്ങൾ പങ്കെടുത്ത സമ്മേളനം, മികച്ച പരിപാടികൾ കൊണ്ടും മികച്ച ക്രമീകരണങ്ങൾക്കൊണ്ടും യുവജനങ്ങളുടെ പങ്കാളിത്തംകൊണ്ടും ഒരു വൻ വിജയമായിരുന്നു. അക്ഷരാർത്ഥത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ യുവജനങ്ങളുടെ ഐക്യവും ശക്തിയും വിളിച്ചറിയിക്കുന്ന സമ്മേളനത്തിനാണ് മലബാർ ഭദ്രാസനം ആതിഥേയത്വം വഹിച്ചത്.

**22-ാം ഓർമ്മ (22-8-09)**



ഫാ. വി. സി. ഏബ്രഹാം കാട്ടൂർ (മുൻ സഹ വികാരി)

**39-ാം ഓർമ്മ (5-10-09)**



ഫാ. അലക്സന്ത്രയോസ് കോർഎപ്പിസ്ക്കോപ്പാ കടവുംഭാഗം. സഹവികാരി (1912)

**2-ാം ഓർമ്മ (23-10-09)**



ഫാ. മർക്കോസ് കോർ എപ്പിസ്കോപ്പാ മൈലയ്ക്കൽ സഹവികാരി (1976)

## തെരഞ്ഞെടുപ്പുകൾ ദൈവനിയോഗം: ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസന വൈസ് പ്രസിഡന്റായ ബഹുമാനപ്പെട്ട ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ (വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളി ഇടവകാംഗം, പാച്ചിറ താബോർ സെന്റ് മേരീസ് പള്ളി വികാരി) കേന്ദ്ര വൈസ് പ്രസിഡന്റ് സ്ഥാനമേറ്റ ശേഷം 'ദക്ഷിണധ്വനി'യോട് മനസ്സ് തുറക്കുന്നു.

**1. കഴിഞ്ഞ ആറു മാസത്തിനുള്ളിൽ യുവജനപ്രസ്ഥാനത്തിന്റെ യൂണിറ്റ് പ്രസിഡന്റ് സ്ഥാനത്തു നിന്നും ഭദ്രാസന വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കും കേന്ദ്ര വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുമുള്ള മാറ്റത്തെ എങ്ങനെ നോക്കി കാണുന്നു?**

ഇടവകതല പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചപ്പോൾ ദൈവനിയോഗപ്രകാരം ഭദ്രാസന വൈസ് പ്രസിഡന്റ് സ്ഥാനലബ്ധനായി. ഭദ്രാസന ചുമതലകൾ ഭംഗിയായി നിർവഹിച്ചുകൊണ്ടിരുന്നപ്പോൾ ഭദ്രസന കമ്മറ്റിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര അസംബ്ലിയിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കുകയും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത് ദൈവഹിതമാണെന്നു കരുതുന്നു.

**2. 2012-ൽ കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദിയോടൊപ്പം യുവജനപ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലിയും ആഘോഷിക്കുകയാണല്ലോ? പ്ലാറ്റിനം ജൂബിലിയെ വരവേൽക്കുവാൻ അങ്ങയുടെ മനസ്സിലുള്ള കർമ്മപദ്ധതികൾ എന്തെല്ലാമാണ്?**

ധാർമ്മിക മൂല്യച്യുതി കൂടുതലായി വ്യാപരിച്ചിരിക്കുന്നത് യുവജനങ്ങളിലാണ്. സമൂഹത്തിന്റെ പരിഗണനയും അംഗീകാരവും ലഭിക്കാതെ പോകുന്നതും അവർക്കാണ്. മൂല്യാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ സഭയിലും സമൂഹത്തിലും യുവജനങ്ങൾക്ക് അംഗീകാരവും പരിഗണനയും ലഭിക്കുന്ന തരത്തിൽ പ്രസ്ഥാനത്തെ സജ്ജമാക്കുക, സാമൂഹ്യ വെല്ലുവിളികളെ അതിജീവിക്കാൻ യുവാക്കളെ പ്രാപ്തരാക്കുക. സാങ്കേതിക വിദ്യാഭ്യാസം സാധാരണക്കാരന് പ്രാപ്യമാകുന്ന ഒരു സ്ഥാപനം 2012-ൽ സഭയിൽ ഉണ്ടാക്കുക എന്നതാണ് എന്റെ സ്വപ്ന പദ്ധതി.

**3. വിദ്യാഭ്യാസത്തിനുവേണ്ടി അന്യസംസ്ഥാനത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികൾ മറ്റ് വിശ്വാസങ്ങളിലേക്ക് മാറിപ്പോകുന്ന പ്രവണത കാണുന്നു. ഇത് തടയാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്ഥാനം ആസൂത്രണം ചെയ്യുന്നത്.**

പഠനാവശ്യങ്ങൾക്കായി അന്യസംസ്ഥാനങ്ങളിൽ പോകുന്ന വിദ്യാർത്ഥികളെ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രസ്ഥാനം പ്രോജക്ടായ 'സഹോദരങ്ങളെ തേടി' പദ്ധതി സജീവമാക്കുക ഇതിന്റെ പ്രവർത്തനങ്ങൾ ഇടവകതലങ്ങളിൽ കൂടുതൽ ശക്തമാക്കുക.

**4. കേന്ദ്ര ഭദ്രാസന ഭാരവാഹികൾ ഭൂരിഭാഗവും 25 വയസ്സിനു മുകളിലുള്ളവരാണ്. യൂണിറ്റ് തലത്തിൽ 25 വയസ്സിന് താഴെയുള്ളവരാണ് പ്രവർത്തന രംഗത്തുള്ളത്. ഇത് യൂണിറ്റ്, ഗ്രൂപ്പ് ഭദ്രാസനതല പ്രവർത്തനങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾക്ക് ഇടയാകാറുണ്ട്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കും?**

വിദ്യാഭ്യാസാവശ്യത്തിനായി കൂടുതൽ കുട്ടികൾ അന്യസംസ്ഥാനങ്ങളിലേക്ക് ചെക്കേറുന്നു. അക്കാരണം കൊണ്ട് തന്നെ 16 വയസ്സിനു താഴെയുള്ള കുട്ടികളാണ് കൂടുതലും യൂണിറ്റ് പ്രവർത്തനങ്ങളിലേക്കും കടന്നുവരുന്നത്. കേന്ദ്രഭദ്രാസന തല ഭാരവാഹികളെ നിശ്ചയിക്കുമ്പോൾ പ്രവർത്തന പരിചയം, പ്രായം എന്നിവ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. യൂണിറ്റുതല പ്രവർത്തനങ്ങൾ ഗ്രൂപ്പിലും ഗ്രൂപ്പുതല പ്രവർത്തനങ്ങൾ ഭദ്രാസനത്തിലും കൂടി ആലോചിക്കുക വഴി അഭിപ്രായ സമന്വയം ഉണ്ടാക്കാൻ സാധിക്കും. അതോടൊപ്പം യുവജനപ്രസ്ഥാനം സീനിയർ ഫോറത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും യൂണിറ്റ്, ഗ്രൂപ്പ്, ഭദ്രാസന തലത്തിൽ സ്വീകരിക്കുക വഴി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കും.

**5. ശക്തമായ മത്സരത്തിലൂടെ കേന്ദ്ര വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് എത്തിയപ്പോഴുണ്ടായ വികാരം എന്താണ്?**

തെരഞ്ഞെടുപ്പുകൾ ആദിമകാലം മുതലുള്ളതായി വി. വേദപുസ്തകത്തിൽ കാണാം. അഹരോന്റെ തെരഞ്ഞെടുപ്പിലും (പുറപ്പാട്) മത്യാസിന്റെ തെരഞ്ഞെടുപ്പിലും (അപ്പോ. പ്രവൃത്തികൾ) ദൈവനിയോഗമുണ്ട്. അതുപോലെതന്നെ ഈ തെരഞ്ഞെടുപ്പും ദൈവിക പദ്ധതിയുടെ ഭാഗമായ് കരുതുന്നു. യുവജന പ്രസ്ഥാനം നിയമാവലിപ്രകാരം കേന്ദ്ര വൈസ് പ്രസിഡന്റ്, ട്രഷറർ, പത്രാധിപ സമിതി അംഗങ്ങൾ എന്നിവരെ വോട്ടിംഗിലൂടെ തെരഞ്ഞെടുക്കാവുന്നതാണ്. സഭയിൽ നടക്കേണ്ടത് ജനാധിപത്യപരവും നീതിയുക്തവും സമാധാനപരവുമായ തെരഞ്ഞടുപ്പുകളാണ്.

**6. ഇടവകകളിൽ MGOCSM യൂണിറ്റുകൾ തുടങ്ങുന്നതിനെ അച്ചൻ അനുകൂലിക്കുന്നുവോ? ഇത് ഭാവിയിൽ പ്രസ്ഥാനം പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കയില്ലേ?**

യുവജനപ്രസ്ഥാനവും MGOCSM വും ഒരേ ചെടിയിലുണ്ടായ രണ്ട് പുഷ്പങ്ങളാണ്. സഭയുടെയും യുവജനങ്ങളുടെയും വളർച്ചയ്ക്കും ഐശ്വര്യത്തിനും രണ്ട് പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. ഗംഗയും യമുനയും ഒന്നുചേർന്നൊഴുകുന്നതുപോലെയാകണം യുവജനപ്രസ്ഥാനവും MGOCSM വും.

**7. യുവജനപ്രസ്ഥാനം വിഭാവനം ചെയ്യുന്ന പല പദ്ധതികളും പ്രായോഗികതലത്തിൽ ഫലവത്താകുന്നില്ല. ഇത് എങ്ങനെ പരിഹരിക്കാൻ സാധിക്കും?**

യുവജനപ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയുടെ ഭാവനാപൂർണ്ണമായ നേതൃത്വം പ്രസ്ഥാനത്തെ പുതിയ കർമ്മ മണ്ഡലങ്ങളിലേക്ക് നയിക്കും. കേന്ദ്ര വൈസ് പ്രസിഡന്റ് എന്ന നിലയിൽ അഭിവന്ദ്യ തിരുമേനിയോടും മറ്റ് ഭാരവാഹികളോടും ചേർന്ന് പ്രസ്ഥാനം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും പ്രായോഗികവുമാക്കാൻ ശ്രമിക്കും. നിലവിലുള്ള പ്രോജക്ടുകളുടെ ന്യൂനതകൾ പരിഹ

(ശേഷം രണ്ടാം പേജിൽ)

**നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക. അവൻ നിന്നെ പുലർത്തും (സങ്കീർത്തനങ്ങൾ 55:22)**

# പത്രാധിപധ്വനി

ദക്ഷിണധ്വനി
പുസ്തകം 3 ലക്കം 2 ഓഗസ്റ്റ്- ഒക്ടോബർ 2009

## നിയമം നടപ്പാകട്ടെ

നമ്മുടെ സംസ്ഥാനത്തിലെ നിരത്തുകളിൽ മനുഷ്യ ജീവന് പുല്ലുവില പോലും ഇല്ലാതായിരിക്കുന്നു. ഓരോ രണ്ടു മണിക്കൂറിലും ഒരു ജീവൻ വീതം പൊതുനിരത്തുകളിൽ പൊലിയുന്നു. വാഹനാപകടത്തിൽ പരുക്കേൽക്കുന്നവരുടെയും മരിക്കുന്നവരുടെയും വാർത്തകളില്ലാതെ ദിനപത്രങ്ങൾ ഇറങ്ങാറില്ല. അശ്രദ്ധമായ ഡ്രൈവിംഗാണ് ഇതിന് കാരണമെന്ന് വ്യക്തമാണ് ഏറ്റവും കൂടുതൽ അപകടമുണ്ടാക്കുന്നത് ടിപ്പറുകളും സ്വകാര്യ ബസ്സുകളുമാണ്. വാഹനങ്ങൾ ഓടിക്കുന്നതിന് പ്രത്യേക നിയമങ്ങളും നിയന്ത്രണങ്ങളുമുണ്ടെങ്കിലും അധികാരികളുടെ മൗനാനുവാദത്തോടെ ഇവയെല്ലാം ലംഘിക്കപ്പെടുന്നു.

ഇക്കഴിഞ്ഞയാഴ്ച ആലപ്പുഴ ജില്ലയിലെ ചാരുംമൂട്ടിൽ വഴിയോരത്തുകൂടി നടന്നുപോയ മൂന്നു പിഞ്ചുകുട്ടികളെയാണ് പാഞ്ഞുവന്ന ടിപ്പറിടിച്ചത്. ടിപ്പർ അമിത വേഗത്തിലാണെന്നും ടിപ്പറിന് നിരോധനമുള്ള സമയത്താണ് ടിപ്പറോടിച്ചതെന്നും വ്യക്തമായ സ്ഥിതിയ്ക്ക് വാഹനമോടിച്ചയാൾക്ക് മാത്രമല്ല നിയമം നടപ്പാക്കാൻ ബാധ്യതയുള്ളവർക്കും അപകടത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല. ലോഡിന്റെ എണ്ണത്തിനനുസരിച്ച് പ്രതിഫലം കിട്ടുന്ന ടിപ്പറുകളും ലോറികളും അമിതവേഗത്തിൽ ഓടുന്നത് കേരളത്തിലെ പതിവു കാഴ്ചയാണ്. തിരക്കേറിയ റോഡുകളിൽ രാവിലെ 8 മുതൽ രാത്രി 8 വരെ ടിപ്പറുകൾ ഓടരുതെന്ന നിർദ്ദേശമുള്ള സ്ഥലങ്ങളിൽ പോലും അവ ലംഘിക്കപ്പെട്ടിരിക്കുന്നു.

കേരളത്തിൽ കഴിഞ്ഞ വർഷം 3901 പേരാണ് റോഡപകടങ്ങളിൽ മരിച്ചത്. 37263, അപകടങ്ങൾ രജിസ്റ്റർ ചെയ്തു, 43857 പേർക്ക് പരിക്കേറ്റു. ഇവരിൽ 25611 പേർക്ക് ഗുരുതരമായ പരിക്കേറ്റു. ഇവരിൽ പലരും ജീവച്ഛവങ്ങളായി ജീവിതം തള്ളിനീക്കാൻ പാടുപെടുന്നു. നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കുവാൻ പോലീസിന് അധികാരമുണ്ടെങ്കിലും കാണേണ്ടവരെ കാണേണ്ടതുപോലെ കാണുന്നതുകൊണ്ട് നിയമലംഘകർക്കുനേരെ വേണ്ടപ്പെട്ടവർ കണ്ണടയ്ക്കുന്നു.

കേരളത്തിൽ വളർന്നുവരുന്ന മദ്യപാനാസക്തി നമ്മുടെ റോഡപകടങ്ങൾ വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നവർക്ക് ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള കടുത്ത ശിക്ഷ നൽകിയാൽ മാത്രമേ മദ്യപന്മാരായ ഡ്രൈവർമാർ പഠിക്കൂ.

അപകടം വരുത്തുന്ന വാഹനങ്ങളും ഡ്രൈവർമാരും വീണ്ടും നിരത്തിലിറങ്ങുന്ന സാഹചര്യം ഒഴിവാക്കണം. പലപ്പോഴും അപകടം നടത്തുന്ന ഡ്രൈവർമാർക്ക് എതിരെ നിസാരമായ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസെടുക്കുന്നത്. കഴിഞ്ഞയാഴ്ച കലൂരിൽ നടന്ന ബസപകടത്തിൽ വഴിയാത്രക്കാരൻ മരിച്ച സംഭവം മനപൂർവ്വമല്ലാത്ത നരഹത്യയ്ക്കാണ് കേസെടുത്തിരിക്കുന്നത്. ഇങ്ങനെയുള്ള നിയമം നടപ്പാക്കലുകൾ കേരളത്തിലെ അപകടങ്ങളുടെ എണ്ണം കൂട്ടും. അപകടം ഒരു പരിധി വരെ ഒഴിവാക്കാൻ നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിച്ചാൽ മതിയാവും. വേഗത സംബന്ധിച്ചുള്ള പരിധി കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകതന്നെ വേണം. ദേശീയ പാതകളിലും മറ്റും വേഗത നിയന്ത്രണം തെറ്റിക്കുന്നവരെ ശിക്ഷിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഹൈവേ പോലീസും, മറ്റ് പോലീസ് അധികാരികളും നമ്മുടെ ദേശീയ പാതകളിലും, മറ്റു നിരത്തുകളിലും തലങ്ങും വിലങ്ങും ഓടുന്നുണ്ടെങ്കിലും മദ്യപിച്ചുള്ള വാഹനമോടിക്കൽ, അമിത വേഗം എന്നിവ നിയന്ത്രിക്കുന്നതിന് കാര്യമായ ശ്രദ്ധ പുലർത്തുന്നില്ല. മുക്കിനും മൂലയ്ക്കും നിന്ന് ഹെൽമറ്റും സീറ്റ് ബെൽറ്റും പരിശോധിക്കുന്നവർ ഇത്തരം കാര്യങ്ങൾക്ക് കൂടി പ്രാധാന്യം നൽകണം.

അപകടത്തിൽ പെടുന്നവരെ അടിയന്തരമായി ആശുപത്രിയിൽ എത്തിക്കുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും പോലീസ് പ്രത്യേകം താല്പര്യമെടുക്കണം. പൊതുജനങ്ങളും ഇക്കാര്യത്തിൽ അലംഭാവം വെടിയണം. സഹായിക്കാൻ എത്തുന്നവരെ അനാവശ്യ വ്യവഹാരങ്ങളിൽ നിന്ന് ഒഴിവാക്കുകയും വേണം. അപകടസ്ഥലങ്ങളിൽ ചോരവാർന്നു കിടക്കുന്നത് നമ്മുടെ സഹോദരനോ സഹോദരിയോ ആയിരിക്കാം എന്നൊരു ചിന്ത മനുഷ്യത്വമുള്ള മലയാളികൾ മറക്കരുത്.

അപകടങ്ങളില്ലാത്ത നല്ല നാളേയ്ക്കായി നിയമങ്ങൾ അനുസരിക്കുവാൻ ദക്ഷിണധ്വനി ആഹ്വാനം ചെയ്യുന്നു.

ഇത്രത്തോളം വഴി നടത്തിയ സർവ്വശക്തനും പ്രസിദ്ധീകരണത്തെ വിജയിപ്പിച്ച ഇടവക ജനങ്ങൾക്കും നന്ദിരേഖപ്പെടുത്തുന്നു. പതിനഞ്ചുനോമ്പിൽ നിന്ന് ലഭിച്ച നൽവരങ്ങൾ തിരുപ്പിറവിയെ വരവേൽക്കാനുള്ള സമ്പാദ്യമായിരിക്കട്ടെ.

**ബോബി എ. ചാണ്ടി** (ചീഫ് എഡിറ്റർ)



സെന്റ് തോമസ് ഹാൾ കൂദാശ



ഓണാഘോഷം

**ദക്ഷിണധ്വനി**
**എഡിറ്റോറിയൽ ബോർഡ്**
ചെയർമാൻ & പബ്ലീഷർ
**റവ. ഫാ. മാത്യു വറുഗീസ്**
**ചീഫ് എഡിറ്റർ**
**ബോബി എ. ചാണ്ടി ഐക്കരമറ്റത്തിൽ**
**സബ് എഡിറ്റർമാർ**
അശ്വിൻ കുറിയാക്കോസ് മൂടകല്ലുങ്കൽ,
സാംസൺ കുറിയാക്കോസ് കണ്ണന്താനം.
വിപിൻ കെ. വർഗീസ് കുരയ്ക്കവയലിൽ
കുര്യൻ എബ്രഹാം കുരയ്ക്കവയലിൽ
(മാർക്കറ്റിംഗ് മാനേജർ)
സിബു വറുഗീസ് പച്ചിലക്കാട്ട്
(സർക്കുലേഷൻ മാനേജർ)

## ഇവർ പ്രസ്ഥാനത്തെ നയിക്കുന്നു

പ്രസിഡന്റ്: റവ. ഫാ. മാത്യു വറുഗീസ്
വൈസ് പ്രസിഡന്റ്: സുജിത് പി. കുറിയാക്കോസ് പുളിമൂട്ടിൽ
സെക്രട്ടറി: സാംസൺ കുറിയാക്കോസ് കണ്ണന്താനം
ജോയിന്റ് സെക്രട്ടറി: റ്റിനീഷ് തോമസ്, ഓണാട്ടുകുന്നേൽ
ജോബിൻ മാത്യു ആളോത്ത്
ട്രഷറർ: അശ്വിൻ കുറിയാക്കോസ് മൂടങ്കല്ലുങ്കൽ

## തെരഞ്ഞെടുപ്പുകൾ ദൈവനിയോഗം...

(ഒന്നാം പേജിൽ നിന്നും)

രിച്ച് പ്രായോഗിക തലത്തിൽ എത്തിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യും.

**8. സഭയുടെ ഭിത്തികളെ ബലവത്താക്കുവാൻ യുവജന പ്രസ്ഥാനത്തെ ഒരു സായുധ സേനയാക്കി മാറ്റണം എന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?**

വ്യക്തിപരമായി ആ അഭിപ്രായത്തോട് യോജിക്കുന്നില്ല. പരസ്പരം സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ശൈലിയാവണം ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റേത്. അതിരുകൾക്കപ്പുറത്തേയ്ക്ക് സഞ്ചരിക്കുന്ന അതിർത്തികളുടെ കാവൽക്കാരനായ യേശുക്രിസ്തുവിന്റെ പാത പിൻതുടരുന്നവരാകണം യുവജനപ്രസ്ഥാനം പ്രവർത്തകർ.

**9. യുവജനങ്ങൾക്കുള്ള സന്ദേശം?**

യുവജനങ്ങൾക്ക് ദൈവം നൽകിയിരിക്കുന്ന കഴിവുകളെ വ്യക്തിപരമാക്കി നിർത്താതെ സഭയ്ക്കും സമൂഹത്തിനും ഉതകുന്ന രീതിയിലുള്ള ഒരു സംസ്കാരം വളർത്തിയെടുക്കുക.

## സ്നേഹസ്മരണകളോടെ.....

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പ്രിയ ശിഷ്യനും മാർ കുറിയാക്കോസ് ദയറായുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും മാനേജരും ഓർഫനേജ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗവും നമ്മുടെ നാടിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ സജീവ സാന്നിദ്ധ്യവുമായിരുന്ന വന്ദ്യ പി. സി. യോഹന്നാൻ റമ്പാച്ചന്റെ ഒന്നാം ഓർമ്മ ദിനം ഭക്തിപൂർവ്വം സെപ്റ്റംബർ 12, 13 തീയതികളിൽ കൊണ്ടാടി.

സെപ്തംബർ 12-ന് വൈകുന്നേരം സന്ധ്യാനമസ്കാരത്തിനു ശേഷം വൈദിക സെമിനാരി വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജേക്കബ് കുര്യൻ അനുസ്മരണ പ്രസംഗം നടത്തി. സെപ്തംബർ 13-ാം തീയതിയിലെ വി. കുർബ്ബാനയ്ക്ക് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് അനുസ്മരണ പ്രസംഗം നടത്തി. തുടർന്ന് റവ. പി. സി. യോഹന്നാൻ റമ്പാൻ മെമ്മോറിയൽ സ്പിരിച്ച്വൽ സ്റ്റഡി സെന്റർ ശിലാസ്ഥാപനവും ഫണ്ട് ഉദ്ഘാടനവും നടന്നു. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും കൈമുത്തും നേർച്ച വിളമ്പും നടന്നു. ജില്ലാ ഓർഫനേജ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നിരവധി സാമൂഹിക സാംസ്കാരിക നേതാക്കന്മാർ പങ്കെടുത്ത അനുസ്മരണ സമ്മേളനവും നടന്നു.

### നർമ്മധ്വനി

വി. കുർബ്ബാന കഴിഞ്ഞ്, കൈമുത്തിന് മുൻപേ പള്ളിയിൽ നിന്ന് ഇറങ്ങിവരുന്ന പിതാവിനോട് പുറത്തുനിൽക്കുന്ന മകൻ

മകൻ: പപ്പാ, എന്താ കൈമുത്താതെ പോകുന്നത്?

പിതാവ്: അനുഗ്രഹം കിട്ടിയില്ലേ മോനേ, ഇനി എന്തിനാണ് വെറുതെ കാശുകളയുന്നത്.

### നസ്രാണിധ്വനി

**(പൗരാണിക നസ്രാണിപദങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി)**

### ഇണ്ടറിയപ്പം

പെസഹാ വ്യാഴാഴ്ച ക്രൈസ്തവ ഭവനങ്ങളിൽ ഉണ്ടാക്കുന്ന പ്രത്യേകതരം അപ്പമാണ് ഇണ്ടറി അപ്പം. കുരിശിനു മുകളിലെ INRI എന്ന ലിഖിതത്തിൽ നിന്നാണ് ഇന്റി(ഇണ്ടറി) എന്ന പേരുണ്ടായതെന്നു പറയപ്പെടുന്നു. പുളിക്കാത്ത മാവു കൊണ്ടുണ്ടാക്കുന്ന അപ്പമായതിനാൽ 'പുളിയാത്തപ്പം' എന്നും കുരുത്തോല കൊണ്ടുള്ള കുരിശടയാളം അപ്പത്തിന്മേൽ പതിപ്പിക്കുന്നതുകൊണ്ട് "കുരിശപ്പം" എന്നും ഇതിന് പേരുണ്ട്. യഹൂദ പാരമ്പര്യമനുസരിച്ച് കുടുംബനാഥന്റെ നേതൃത്വത്തിൽ പെസഹാ അത്താഴം കഴിച്ചിരുന്നതിന്റെ പിൻതുടർച്ചയാണിത്. കർത്താവിന്റെ തിരുവത്താഴത്തേയും ഈ ചടങ്ങിലൂടെ അനുസ്മരിക്കുന്നു.

ഗൃഹനാഥന്റെ നേതൃത്വത്തിൽ മാവുകുഴച്ച് അതിനുമുകളിൽ ഓശാനഞായറാഴ്ച പള്ളിയിൽ നിന്നും ലഭിച്ച കുരുത്തോലയുടെ കഷണം കൊണ്ട് കുരിശടയാളം പതിപ്പിച്ച് ആവിയിൽ പുഴുങ്ങിയാണ് ഇണ്ടറിയപ്പം ഉണ്ടാക്കുന്നത്. തേങ്ങാപ്പാലും ശർക്കരയും ചേർത്ത് തിളപ്പിച്ച് അതിൽ ചെറുതായി മുറിച്ച പഴവും കുരുത്തോലയുടെ കഷണങ്ങളും ഇട്ടു തയ്യാറാക്കിയ മധുരപാനീയത്തിൽ മുക്കിയാണ് അപ്പം ഭക്ഷിക്കുന്നത്.

പെസഹാ വ്യാഴാഴ്ച വൈകുന്നേരം കുടുംബനാഥൻ ഇണ്ടറി അപ്പം മുറിച്ച് പ്രായക്രമമനുസരിച്ച് കുടുംബാംഗങ്ങൾക്ക് കൊടുക്കുന്നു. അക്രൈസ്തവർക്ക് ഇതു നൽകാറില്ല. ഇതിന്റെ ഒരംശം പോലും അടുത്ത ദിവസത്തേയ്ക്ക് മാറ്റിവയ്ക്കുകയോ നിലത്തുകളയുകയോ ചെയ്യാൻ പാടില്ല. അടുത്ത ബന്ധുക്കൾ ആരെങ്കിലും മരിച്ചുപോയിട്ടുണ്ടെങ്കിൽ ആ കുടുംബത്തിൽ ആ വർഷം ഇണ്ടറി അപ്പം പുഴുങ്ങാറില്ല.

**രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ ഇന്റർനെറ്റ് എഡിഷൻ പരതിയിട്ടും മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ? നിരാശപ്പെടേണ്ട. നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ?**
**സന്ദർശിക്കുക www.malankaraorthodox.tv/**

### പാവനസ്മരണയ്ക്ക്

**37-ാം ചരമ വാർഷികം (26-9-09) 19-ാം ചരമ വാർഷികം (6-11-09)**



**കോര എബ്രഹാം ശോശാമ്മ എബ്രഹാം**

**മൂടൻകല്ലുങ്കൽ, സൗത്ത് പാമ്പാടി**

## മലങ്കര അസ്സോസിയേഷനും മേല്പട്ട സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പും

സമ്പാദകൻ: **ബാബു സഖറിയ ചേനേപ്പറമ്പിൽ**

മലങ്കര ഓർത്തഡോക്സ് സഭ പുതുതായി ഏഴു മേൽപട്ടക്കാരെക്കൂടി തെരഞ്ഞെടുക്കുവാൻ ആലോചിക്കുന്ന ഈ സമയം മുമ്പു നടന്ന തെരഞ്ഞെടുപ്പുകളിലേയ്ക്ക് ഒന്നു കണ്ണോടിക്കാം.

**1908 ഫെബ്രുവരി 27**

മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുപ്പ് അജണ്ട ആയി കൂടിയ ആദ്യ അസോസിയേഷൻ 1908 ഫെബ്രുവരി 27 ന് കോട്ടയം പഴയ സെമിനാരിയിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ (ദീവന്നാസ്യോസ് അഞ്ചാമൻ) അധ്യക്ഷതയിൽ കൂടിയതാണ്. മലങ്കര മല്പാൻ വന്ദ്യ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാൻ (പ. വട്ടശ്ശേരിൽ തിരുമേനി) കൊച്ചുപറമ്പിൽ വന്ദ്യ പൗലോസ് റമ്പാൻ (പൗലൂസ് മാർ കുറിലോസ് - 1911 ആഗസ്റ്റ് 30 ന് പാത്രീയർക്കീസ് പക്ഷത്തിന്റെ മലങ്കര മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ടു) എന്നിവരെ അസോസിയേഷൻ തെരഞ്ഞെടുത്തു വട്ടശ്ശേരിയിൽ റമ്പാച്ചനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായും പിൻഗാമിയായും ഈ യോഗം തെരഞ്ഞെടുത്തു. ഇവർ 1908 മെയ് 31-ന് ജറുശലേമിൽ വച്ച് വാഴിക്കപ്പെട്ടു.

**1911 സെപ്റ്റംബർ 7**

പരി. വട്ടശ്ശേരിൽ തിരുമേനിയുടെ അധ്യക്ഷതയിൽ 1911 സെപ്റ്റംബർ 7 നു കൂടിയ യോഗം മൂന്നു പേരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. അവരിൽ വാകത്താനം കാരുചിറ വന്ദ്യ ഗീവർഗീസ് റമ്പാനെ 1913 ഫെബ്രുവരി 9-ന്ഗീവർഗീസ് മാർ പീലക്സിനോസ് (പിന്നീട് പരി. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ - വാകത്താനം ആയി ഉയർത്തപ്പെട്ടു) എന്ന പേരിലും കല്ലാശേരിൽ വന്ദ്യ പുന്നൂസ് റമ്പാനെ 1912 സെപ്റ്റംബർ 8-നു ഗീവർഗീസ് മാർ ഗ്രീഗോറിയോസ്(പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ - കല്ലാശേരിൽ ബാവ) എന്ന പേരിലും വാഴിച്ചു. രണ്ടു പേരുടെയും സ്ഥാനാരോഹണം പരി. അബ്ദേദു മശിഹാ പാത്രിയർക്കീസിന്റെ മുഖ്യ കാർമ്മികത്വത്തിലാണ് നടന്നത്. മൂന്നാമനായിരുന്ന പാമ്പാടി വന്ദ്യ കുറിയാക്കോസ് റമ്പാച്ചനാകട്ടെ ആ പ്രാവശ്യം മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിക്കാതെ വിനയപൂർവ്വം ഒഴിഞ്ഞുനിന്നു.

**1925 ഏപ്രിൽ 30**

മേല്പട്ടക്കാരെ തെരഞ്ഞെടുക്കുന്നതിനായി പിന്നീട് മലങ്കര അസോസിയേഷൻ കൂടിയത് 1925 ഏപ്രിൽ 30 നാണ് നിരണം പള്ളിയായിരുന്നു വേദി. മുമ്പു തെരഞ്ഞെടുക്കപ്പെട്ടിട്ടും സ്ഥാനമേൽക്കാതിരുന്ന വന്ദ്യ കുറിയാക്കോസ് റമ്പാച്ചനെ യോഗം വീണ്ടും മേല്പട്ട സ്ഥാനത്തേയ്ക്ക് നിർദ്ദേശിച്ചു. ഈ പ്രാവശ്യം ആ വിളി സ്വീകരിക്കുകയും അഭിവന്ദ്യ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് എന്ന അഭിമാനത്തിൽ 1929 ഫെബ്രുവരി 16-നു മേല്പട്ടക്കാരനാകുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം മൂന്നു പേരെക്കൂടി ഈ യോഗം തെരഞ്ഞെടുത്തു.

ഇവരിൽ പാറേട്ട് വന്ദ്യ മാത്യൂസ് അച്ചൻ തന്റെ ഗുരു പാമ്പാടി വന്ദ്യകുറിയാക്കോസ് റമ്പാച്ചന്റെ മാതൃക പിൻതുടർന്നു വിനയപൂർവ്വം മാറി നിന്നു. പിന്നീട് 1930 ലെ അസോസിയേഷൻ വീണ്ടും പേരു നിർദ്ദേശിക്കുകയും തുടർന്ന് 1953 മെയ് 15 നു മാത്യൂസ് മാർ ഈവാനിയോസ് എന്ന നാമം സ്വീകരിച്ചു മേല്പട്ടക്കാരനാവുകയും ചെയ്തു.

ശേഷമുള്ള രണ്ടുപേരും ശെമ്മാശന്മാരായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. ആദ്യത്തെ ആൾ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ, പക്ഷെ മേല്പട്ട സ്ഥാനം കൈക്കൊൾവാൻ കഴിഞ്ഞില്ലാ എന്നതും ഒരു ചരിത്രമായി ശേഷിക്കുന്നു. രണ്ടാമത്തെ ആൾ പത്തനാപുരം മൗണ്ട് താബോർ ദയറാ സ്ഥാപകൻ സി. എം. തോമസ് ശെമ്മാശൻ ആയിരുന്നു. (തോമാ മാർ ദീവന്നാസിയോസ് 1940 മെയ് 6-നു വാഴിക്കപ്പെട്ടു)

(തുടരും)

## വിജ്ഞാനധ്വനി - 9

### പുറപ്പാട് 21-30

1. ദരിദ്രനു പണം കൊടുത്താൽ എന്തുചെയ്യരുത്?
2. കാഴ്ചയുള്ളവരെ കുരുടാക്കുകയും നീതിമാന്മാരുടെ വാക്കുകളെ മറിച്ചുകളയുകയും ചെയ്യുന്നതെന്ത്?
3. പെട്ടകത്തിന്റെ നാലുകാലിനും എന്തുണ്ടായിരുന്നു?
4. പെട്ടകത്തിൽ എന്താണ് വച്ചിരുന്നത്?
5. ന്യായവിധിപ്പതക്കത്തിനകത്തു വെച്ചിരിക്കുന്ന രണ്ടു വസ്തുക്കൾ ഏവ?
6. തീകത്തുമ്പോൾ ഇരുട്ടുണ്ടായിരുന്നതെവിടെ?
7. മഹാപുരോഹിതന്റെ അങ്കിയുടെ വിളുമ്പിനു ചുറ്റും ഉണ്ടായിരുന്ന രൂപങ്ങൾ?
8. മേശമേൽ നിത്യം എന്തുണ്ടായിരിക്കണം?
9. നിലവിളക്കിനു ദീപങ്ങൾ എത്ര?
10. യാഗമേദസ്സ് എപ്പോൾ വരെ ഇരിക്കരുത്?
11. സുഗീസൊ എന്ന പദത്തിന്റെ അർത്ഥം.
12. മെമ്രം എന്ന എന്ന പദത്തിന്റെ അർത്ഥം.
13. മലങ്കരസഭ അവസാനമായി സന്ദർശിച്ച അർമ്മീനിയൻ കാതോലിക്കാ.
14. മലങ്കരസഭയുടെ എക്യുമെനിക്കൽ വിഭാഗം അദ്ധ്യക്ഷൻ.
15. ഈ വർഷം അർജ്ജുന അവാർഡ് ലഭിച്ച മലങ്കരസഭാംഗം.

### വിജ്ഞാന ധ്വനി 8-ാം ലക്കം ഉത്തരങ്ങൾ

1. ഇസോപ്പുചെടി 12:22. 2. ഏകദേശം ആറു ലക്ഷം 12:37. 3. ശൂർമരുഭൂമി 15-22. 4. മാറ 15-22. 5. നാല്പതു സംവത്സരം 16:35. 6. അഹരോനും ഹൂരും 17-12. 7. യഹോവ എന്റെ കൊടി 17-15. 8. എലിമിൽ 15:27. 9. 430 - 12-41. 10. മന്ന 16-31. 11. പൗലൂസ് മാർ പക്കോമിയോസ്

12. കാതോലിക്കാ ബാവാ. 13. സാധാരണ. 14. കുശവൻ. 15. ടി. കെ. അലക്സ്

### സമ്മാനാർഹർ

**1. മായ മേരി തോമസ്. 2. ജെസ്ലിൻ മെറിൻജോ 3. ഗ്രേസികുട്ടി ആൻഡ്രൂസ്.**

**ഉത്തരങ്ങൾ ഡിസംബർ 10-നകം എത്തിക്കുക: ബോബി എ. ചാണ്ടി, ഐക്കരമറ്റത്തിൽ**

ഏറ്റവും കൂടുതൽ ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കിട്ടെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ആകർഷകമായ സമ്മാനം നൽകുന്നു.

❑


**പാവനസ്മരണയ്ക്ക്**



**ചാക്കോ കുറിയാക്കോസ്**

(മരണം 19 - 10 - 98)

**മൂടൻകല്ലുങ്കൽ, സൗത്ത് പാമ്പാടി**

**Inserted by: Sorrowing Family**


അജപാലകധ്വനി

**ഫാ. മാത്യു വർഗീസ്**

## ഒരു തീർത്ഥാടനംകൂടി...

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം നവംബർ ആദ്യവാരം അനുഗ്രഹവർഷത്തിന്റെ സമയങ്ങളാണ്. ഒന്നാമതായി സഭയുടെ ആരാധനാവർഷം ആരംഭിക്കുന്നു എന്നുള്ളതാണ്. ഒക്ടോബർ 30-നോ അതിനുശേഷമോ വരുന്ന ആദ്യ ഞായറാഴ്ച സഭാവർഷം ആരംഭിക്കുകയാണ്. യഥാർത്ഥത്തിൽ സഭ ആരാധനാവർഷത്തെ ക്രമീകരിച്ചിരിക്കുന്നത്, കർത്താവിന്റെ രക്ഷാകര ചരിത്രത്തെ ഓരോ കാലത്തും ഓരോ സ്ഥലത്തും ജീവിക്കുന്ന വിശ്വാസി സമൂഹത്തിന് അനുഭവവേദ്യമാക്കും വിധമാണ്. യെശയ്യാവു സൂചിപ്പിച്ച (61.2) കർത്താവിന്റെ കൃപാവത്സരമാണ് ആരാധനാവത്സരം. സഭാവർഷാരംഭത്തിൽ സഭ ഒന്നടങ്കം ശുദ്ധീകരിച്ച്, പ്രതിഷ്ഠിച്ച് ബേത്‌ലഹേമിൽ നിന്ന് കാൽവരിയിലേക്ക് കുരിശുമേന്തി തീർത്ഥയാത്ര ചെയ്യുകയാണ്.

**ആരാധനാവത്സരത്തിന്റെ ലക്ഷ്യങ്ങൾ**

1. ഒരു വർഷത്തെ വിവിധ കാലങ്ങളായി തിരിച്ച് ഓരോ ഘട്ടത്തിലും രക്ഷാകര ചരിത്രത്തിലെ അവിസ്മരണീയ മർമ്മങ്ങളെയും സംഭവങ്ങളേയും അനുസ്മരിക്കുകയും ആയത് വിശ്വാസികളുടെ മനസ്സിൽ ഉറപ്പിക്കുകയും ചെയ്യുക.

2. പൗരസ്ത്യാരാധനയുടെ പ്രധാന അടിസ്ഥാനമായ വേദപുസ്തക ചിന്തകൾ ഓരോ ആരാധനാ കാലങ്ങൾക്കനുസൃതമായി, പ്രാർത്ഥനയിലൂടെയും, ആരാധനാ ഗീതങ്ങളിലൂടെയും സെദ്റ മുതലായ പ്രബോധനങ്ങളിലൂടെയും ധ്യാനാത്മകമായി അവതരിപ്പിക്കുക.

3. സഭാവർഷത്തെ 8 കാലങ്ങളി (Seasons) ലായി അവതരിപ്പിക്കുന്നത് സമയത്തിന് അതീതമായ നിത്യതയുടെ പ്രതീകമായി അവതരിപ്പിക്കുന്നു.

4. വേദശാസ്ത്ര ചിന്തകളെയും ദൈവശാസ്ത്ര ചിന്താധാരകളെയും ശാസ്ത്രീയമായ അടിത്തറയിലൂടെ വിശ്വാസ ഹൃദയത്തിൽ വേരൂന്നുന്നു.

5. ആരാധനാ സംഗീതം എട്ടു നിറത്തിൽ (എക്കാറ) പാടുന്നതിന് ഈ കാലക്രമീകരണത്തിലൂടെ സാധിക്കുന്നു.

**ആരാധനാ വർഷം ക്രമീകരണം**

നമ്മുടെ ആരാധനാ വർഷത്തെ കർത്താവിന്റെ ജനനം, ദനഹാ (മാമോദീസ) വലിയ നോമ്പ്, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി, മറുരൂപം, ദൈവമാതാവിന്റെ വാങ്ങിപ്പ്, സ്ലീബാപെരുന്നാൾ എന്നിവയുമായി ബന്ധിപ്പിച്ചിരിക്കുന്നു. നിശ്ചിതവും അനിശ്ചിതവുമായ വിഭജനത്തിലൂടെ ഒരു വത്സരം ക്രമീകരിക്കുന്നു.

**8 കാലങ്ങളുടെ വിഭജനം**

1. സുബോറകാലം (Season of Annuciation)

ആരാധനാ വത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ (സഭയുടെ ശുദ്ധീകരണം) ഞായറാഴ്ചയാണ് (ഒക്ടോബർ 30 നോ അതിനുശേഷമോ വരുന്ന ആദ്യ ഞായർ) തുടർന്ന് ഹൂദോസ് ഈത്തോ (സഭയുടെ പ്രതിഷ്ഠ) ഞായറാണ്. ചുരുക്കത്തിൽ ഒരുക്കകാലം (ശുദ്ധീകരണ-പ്രതിഷ്ഠാക്കാലം) (Season of Sanctification and Dedication) അതിന്റെ തുടർച്ചയായി അഞ്ച് ഞായറാഴ്ചകൾ കർത്താവിന്റെ ജനനത്തിന് മുന്നോടിയായുള്ള സന്ദേശങ്ങളാണ്.

2. യൽദോ ദനഹാക്കാലം (Season of Nativity Epiphany). ജനനപ്പെരുന്നാളിന് ഒരാഴ്ച മുമ്പു മുതൽ വലിയ നോമ്പ് തുടങ്ങുന്നതുവരെയുള്ള സമയം. പ്രകാശത്തിന്റെ പെരുന്നാളുകളായ യൽദോയും ദനഹായും (ജനനവും മാമോദീസയും) ഇക്കാലഘട്ടത്തിലെ പ്രധാന പെരുന്നാളുകളാണ് ഈ ഘട്ടത്തിന്റെ അന്ത്യത്തിൽ 3 നോമ്പ്, പരേതരായ വൈദികരുടെയും സകല വിശ്വാസികളുടെയും ഓർമ്മയും കൊണ്ടാടുന്നു.

3. വലിയ നോമ്പുകാലം (Season of Great Lent). ഉയിർപ്പു പെരുന്നാളിനുവേണ്ടി ഒരുങ്ങുന്ന കാലം. ഏഴ് ആഴ്ചക്കാലം നോമ്പിന്റെയും ആത്മതപനത്തിന്റെയും അവസരമാണ്. പാപത്തിന്റെ വിടുതൽ വഴി ലഭിക്കുന്ന സൗഖ്യദാനം, അത്ഭുതപ്രവർത്തികൾ ചിന്താവിഷയമാണ്.

4. ക്യംത്യാക്കാലം (Season of Resurrection)

ഉയർപ്പ് മുതൽ പെന്തിക്കോസ്തി വരെയുള്ള ഏഴ് ആഴ്ചകളിൽ ഉയർപ്പിന്റെ മഹിമയാണ് പ്രധാന ആശയം. ഉയിർപ്പിന് ശേഷം നാല്പതാം ദിവസം സ്വർഗ്ഗാരോഹണമാണ്.

5. പെന്തിക്കോസ്തി കാലം (Season of pentacost)

പരിശുദ്ധാത്മാവിന്റെ ആഗമനം സഭയുടെ ഉൽഭവം തുടങ്ങിയവയാണ് പ്രധാന ചിന്തകൾ.

6. ശ്ലീഹാക്കാലം (Seasion of apostles)

ഈ കാലഘട്ടത്തിൽ ശ്ലീഹന്മാരുടെ പ്രവർത്തനം, 13 നോമ്പ്, പത്രോസ് പൗലൂസ്, മാർത്തോമാ പത്രോസ് ശ്ലീഹന്മാരുടെ അനുസ്മരണം ക്രമീകരിച്ചിരിക്കുന്നു.

7. തേജസ്കരണക്കാലം (Season of Transfiguration). ആഗസ്റ്റ് 6 മുതൽ സെപ്റ്റംബർ 13 വരെയുള്ള കാലം, സുവിശേഷ നാനാഭാഗങ്ങളിലും പ്രചരിച്ചു സഭ വളർച്ച പ്രാപിച്ചതിനെ സൂചിപ്പിച്ചിരിക്കുന്നു.

8. സ്ലീബാക്കാലം (Season of the Cross)

സെപ്റ്റംബർ 14 മുതൽ കൂദോശ് ഈത്തോ വരെയുള്ള കാലം കുരിശിന്റെ പെരുന്നാൾ ഭാവിസൂചകമായ ഒരാഘോഷമാണ്. കാലാന്ത്യത്തിന്റെ ദിവ്യമായ അടയാളമാണ് കുരിശ് ലോകാവസാനം മരിച്ചവരുടെ ഉയിർപ്പ് ന്യായവിധി, കർത്താവിന്റെ മഹത്വപൂർണ്ണമായ ആഗമനം, സ്വർഗ്ഗീയ യരുശലേമിന്റെ ആവിർഭാവം ഇവയെല്ലാം അനുസ്മരിക്കുന്നു.

നവംബറിന്റെ രണ്ടാമത്തെ അനുഗ്രഹം ഭാരതത്തിന്റെ പ്രഥമ വിശുദ്ധന്റെ പെരുന്നാൾ പതിനായിരങ്ങൾ കൊണ്ടാടുകയാണ്. തീർത്ഥാടനത്തിന്റെ മാഹാത്മ്യം സ്പഷ്ടമാക്കി ലക്ഷങ്ങൾ ആ സന്നിധാനത്തിൽ ഒഴുകിയെത്തുകയാണ്. പൗരാണിക മതങ്ങളെല്ലാം. തീർത്ഥയാത്ര ഭക്തി പ്രകർഷണത്തിന്റെ പ്രകടിതഭാവമായാണ് വീക്ഷിക്കുന്നത്. ബുദ്ധ-ജൈനമതത്തിലും, ഹൈന്ദവ സങ്കല്പങ്ങളിലും, ഇസ്ലാമിലും ഭക്തന്റെ അകമഴിഞ്ഞ ആത്മസമർപ്പണമായാണ് തീർത്ഥാടകന്റെ പദ തീർത്ഥയാത്രയെ കാണുന്നത്. വേദപുസ്തകവും മറ്റൊന്നല്ല പഠിപ്പിക്കുന്നത്. കനാനിലേക്കുള്ള അബ്രഹാമിന്റെയും ഇസ്രയേൽ സമൂഹത്തിന്റെയും കഠിനവും വ്യഥപൂർണ്ണവുമായ യാത്ര, യെറുശലേം ദേവാലയത്തിന്റെ പടികൾ ആരോഹണ അവരോഹണ സങ്കീർത്തനങ്ങൾപോലെ കയറുകയും ഇറങ്ങുകയും ചെയ്യുന്ന തീർത്ഥാടകർ, കർത്താവിന്റെ മഹത്തായ ദേവാലയ പ്രവേശനത്തിന്റെ യാത്ര ഇവയെല്ലാം തീർത്ഥയാത്രയുടെ ദൃഷ്ടാന്തങ്ങളായി കാണാം. നമ്മുടെ പിതാക്കന്മാരുടെ ആത്മീയ സാന്നിധ്യത്തിലേക്കുള്ള നമ്മുടെ യാത്രയും തികച്ചും ക്രിസ്തീയവും ദൈവീകവുമായ കർമ്മമാണ്. എന്നാൽ ഇപ്പോഴത്തെ തീർത്ഥാടനങ്ങൾ വേണ്ടത്ര ആത്മീയ ശുഷ്കാന്തിയോടെയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ തീർത്ഥയാത്ര ആത്മീയ യാത്രയാക്കാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണ്.

1. തീർത്ഥാടനത്തിന്റെ പരമമായ ലക്ഷ്യം - അനുതാപ സമ്പൂർണ്ണമായിരിക്കുക എന്നുള്ളതാണ് നമ്മുടെ പാപവിമോചനത്തിനായി വിലപിച്ചു യാത്ര ചെയ്യുക.

2. ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും വിശുദ്ധിയിൽ പങ്കുകാരാകുക എന്ന ആവശ്യ ബോധത്തോടെ സംബന്ധിക്കുക.

3. അന്യരുടെ പ്രേരണയാലല്ല, ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു എന്ന ചിന്തയോടെ പങ്കെടുക്കുക.

4. തീർത്ഥാടനത്തോടനുബന്ധിച്ച് നോമ്പു നോറ്റ് തീർത്ഥാടനം നടത്തുക

5. ചിട്ടയായും ക്രമമായും അച്ചടക്കത്തോടും സ്വയശിക്ഷിതരായി ആത്മനിയന്ത്രണത്തോടെ യാത്ര ചെയ്യുക.

6. കഴിവതും ലളിതവും ക്രിസ്തീയതയ്ക്കനുയോജ്യവും ഏകീകൃതവുമായ വസ്ത്രധാരണമായിരിക്കണം.

7. കഴിവതും ഉച്ചഭാഷിണികൾ ഒഴിവാക്കി പ്രാർത്ഥനാഗാനങ്ങളും പ്രതിവാക്യങ്ങളും ചൊല്ലി യാത്ര ചെയ്യുക.

8. പുരോഹിതന്മാരുടെ നേതൃത്വം മുഴുവൻ സമയവുമുണ്ടാവുക.

9. പരിസ്ഥിതിക്കനുയോജ്യമായ നിലയിൽ വർത്തിക്കുക.

10. കുരിശ് വഹിച്ചുകൊണ്ട് അല്ലെങ്കിൽ കുരിശ് മാല ധരിച്ച് വ്യതാനുഷ്ഠാനത്തോടെ മാത്രം പങ്കെടുക്കുക.

11. പള്ളി ആരാധനയോടെ തീർത്ഥാടനം സമാപിക്കുക.

സ്വർഗ്ഗീയ കനാനിലേക്കുള്ള തീർത്ഥ യാത്രാ സംഘത്തിൽ നമുക്കും പങ്കുചേരാം - മഹത്തായ ആരാധനാവത്സരത്തിലെ ദിവ്യമായ ആരാധനകളിലൂടെ പരുശുദ്ധനായ പരുമല തിരുമേനിയുടെ ആത്മീയസാന്നിധ്യ കേദാരത്തിലേക്കുള്ള പദസഞ്ചലനത്തിലൂടെ - ശതാബ്ദിയുടെ നിറവിലേക്ക്.

## സദ്ചിന്തകൾ

### നന്മയുടെ ദശദളങ്ങൾ

1. എല്ലാം പ്രാർത്ഥനയിൽ ആരംഭിക്കുക.
2. നല്ലതു മാത്രം പറയുക
3. നല്ലതു മാത്രം ചെയ്യുക
4. സത്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കുക
5. സദ്ഗ്രന്ഥങ്ങൾ വായിക്കുക
6. സ്നേഹപൂർവ്വം സേവിക്കുക
7. നിസ്വാർത്ഥമായി കർമ്മം ചെയ്യുക
8. ധീരതയോടെ സർഗാത്മകമായി പ്രശ്നങ്ങളെ അഭിമുഖീകരിക്കുക.
9. സ്നേഹിക്കുന്നതിലും നന്മ ചെയ്യുന്നതിലും പരസ്പരം ഉത്തേജിപ്പിക്കുക
10. വിശുദ്ധിയിൽ വളരുക.

### ഭദ്രാസന നേതൃത്വപരിശീലനം

കോട്ടയം: യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ, സെപ്തംബർ 29-ാം തീയതി 2 മണി മുതൽ കോട്ടയം കെ. എം. ജി. സെന്ററിൽ വച്ച് പ്രസ്ഥാനം ഭാരവാഹികൾക്കുവേണ്ടി നേതൃത്വപരിശീലനപരിപാടി സംഘടിപ്പിച്ചു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, സെക്രട്ടറി ശ്രീ. കെ. കെ. തോമസ് എന്നിവർ നേതൃത്വം നൽകിയ പരിപാടിയിൽ ഭദ്രാസനത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നായി നൂറോളം യുവതീ യുവാക്കൾ പങ്കെടുത്തു. ഭദ്രാസന മാർഗ്ഗരേഖ 'സ്രോതസ്സി'ന്റെ അവതരണവും വിതരണവും നടന്നു.

### ആഗോള അംഗീകാരം



സൗത്ത് പാമ്പാടി:- ഡൽഹിയിൽ വച്ച് നടന്ന മർത്തമറിയം സമാജത്തിന്റെ വാർഷിക കോൺഫറൻസിനോടനുബന്ധിച്ച് ഭദ്രാസനാടിസ്ഥാനത്തിൽ നടത്തിയ ക്വിസ്സ് മത്സരത്തിൽ കോട്ടയം ഭദ്രാസനത്തെ പ്രതിനിധീകരിച്ച, നമ്മുടെ ഇടവകാംഗമായ ശ്രീമതി സാറാമ്മ കുര്യൻ, ചേനേപ്പറമ്പിൽ ഉൾപ്പെട്ട ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### കൈകൾ കോർത്ത് പ്രവർത്തിക്കാം

'ദക്ഷിണധ്വനി'യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളോടു നിർലോഭം സഹകരിച്ച ഇടവകാംഗങ്ങൾക്കും അഭ്യുദയകാംഷികൾക്കും നന്ദിയുടെ വാടാമലരുകൾ സമർപ്പിക്കുന്നു.

പത്രത്തിന്റെ പ്രസിദ്ധീകരണത്തിന് വേണ്ടി വരുന്ന തുക നമ്മുടെ ഇടവകയിൽ നടക്കുന്ന വിവാഹം, ഓർമ്മദിവസം തുടങ്ങിയവയുടെ ഫോട്ടോകളിൽ നിന്നാണ് സമാഹരിക്കുന്നത്. വർദ്ധിച്ചുവരുന്ന ചെലവുകൾ നേരിടുന്നതിന് നാട്ടിലും വിദേശത്തുമുള്ള മുഴുവൻ ഇടവകാംഗങ്ങളിൽ നിന്നും നിർലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളിൽ നടക്കുന്ന വിവാഹം, വിവാഹ വാർഷികം, മാമോദീസാ, ജന്മദിനം, ഉപകാരസ്മരണ (Favours Received), പരിശുദ്ധന്മാരോടുള്ള അപേക്ഷ (മദ്ധ്യസ്ഥത) മറ്റ് വിശേഷങ്ങൾ എന്നിവയുടെ ഫോട്ടോകൾ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെടുക.

**ബോബി: 9495164071 സാംസൺ: 9947407137 കുര്യൻ: 9497324484**

**Post your comments, articles & advts @ dakshinadwani@gmail.com**

### വേദപുസ്തകധ്വനി

### അബ്രഹാമിനെ മാതൃകയാക്കുക (ഉൽപത്തി 12:1-4)

ദൈവത്തിനുവേണ്ടി വിവിധങ്ങളും വ്യത്യസ്തങ്ങളുമായ സംരഭങ്ങൾ ആരംഭിക്കുവാനും ദൈവത്തിനുവേണ്ടി പ്രവർത്തിക്കാനുമുള്ള ദൈവത്തിന്റെ വിളി അനേകായിരങ്ങൾ അനുദിനം കേൾക്കാറുണ്ട്. പക്ഷേ ആ വിളി ഏറിയകൂറും ജീവിതങ്ങളിൽ ഒരു സ്വപ്നമായോ സങ്കല്പമായോ മാത്രം അവസാനിക്കുന്നതിനാൽ ദൈവം നൽകുവാനാഗ്രഹിക്കുന്ന പദവികൾ അവർക്ക് പ്രാപിക്കുവാൻ കഴിയാതെ വരുന്നു. ദൈവത്തിന്റെ വിളിക്ക് അനുസരണമായി യാതൊന്നും പ്രവർത്തിക്കുവാൻ അവർക്ക് കഴിയുന്നില്ല. ദൈവത്തിന്റെ ദൗത്യം ഏറ്റെടുത്തു പ്രവർത്തിക്കുമ്പോൾ അതുനിമിത്തം നേരിടേണ്ടിവരുന്ന പ്രത്യാഘാതങ്ങളെയും പ്രതിസന്ധികളെയും കുറിച്ചുള്ള ഭയമാണ് പലരെയും പിന്നിലേയ്ക്ക് വലിക്കുന്നത്. മറ്റു ചിലർക്ക് ദൗത്യം ആരംഭിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും അവ നീട്ടിവച്ചും മാറ്റിവച്ചും ജീവിതയാത്രയിൽ ഒരുക്കലും ആരംഭിക്കുവാൻ കഴിയുന്നില്ല. ഇവിടെ വിശ്വാസികളുടെ പിതാവായിത്തീർന്ന അബ്രഹാമിനെ നാം മാതൃകയാക്കണം അവന്റെ 75-ാമത്തെ വയസ്സിൽ ദൈവം വിളിക്കുമ്പോൾ അവന്റെ പേര് അബ്രാം എന്നു മാത്രമായിരുന്നു. തന്റെ വിളിയെ അനുസരിച്ചാൽ പ്രതിഫലമായി ദൈവം അവന് വലിയ വാഗ്ദാനങ്ങൾ നൽകി മക്കളില്ലാത്ത (1) അവനെ ഒരു വലിയ ജാതിയാക്കും (ജനതയാക്കും) (2) അവനെ അനുഗ്രഹിച്ച് അവന്റെ നാമം ശ്രേഷ്ഠമാക്കും (3) അവൻ നിമിത്തം ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിക്കും. പക്ഷേ ഈ വാഗ്ദത്തങ്ങൾ പ്രാപിക്കണമെങ്കിൽ ദൈവത്തെ അനുസരിച്ച് തന്റെ യാത്രയ്ക്ക് ആരംഭം കുറിയ്ക്കണമായിരുന്നു. അതിനുവേണ്ടി (1) അവൻ ജനിച്ചു വളർന്ന ദേശത്തോട് വിട പറയുകയും (2) ബന്ധുക്കളെ വിട്ട് പോകുകയും (3) പിതൃഭവനത്തോട് യാത്രപറയുകയും വേണമായിരുന്നു. മാത്രമല്ല ദൈവം ഒരു ദേശം കാണിച്ചുകൊടുക്കണമെന്നുള്ള വിശ്വാസത്തോടെ വിദൂരതയിലേക്കുള്ള യാത്ര അവൻ ആരംഭിക്കണമായിരുന്നു. ദൈവത്തിൽ സമ്പൂർണ്ണമായി വിശ്വാസമർപ്പിച്ച അബ്രാം മാറ്റിവയ്ക്കാതെ, നീട്ടിവയ്ക്കാതെ ഭവിഷ്യത്തുകൾ ഭയപ്പെടാതെ ദൗത്യം ഏറ്റെടുത്തു. തന്റെ വിളി കേട്ട് സമ്പൂർണ്ണമായി തന്നെ അനുസരിച്ച് ഇറങ്ങിത്തിരിച്ച അബ്രഹാമിനെ ദൈവം അനേകം ജനങ്ങൾക്ക് പിതാവായിത്തീർക്കണമെന്നുള്ള വാഗ്ദത്തോടുകൂടി 'അബ്രഹാം' എന്ന പുതിയ പേരു നൽകി (ഉൽപത്തി 17:5). ദൈവത്തിന്റെ വിളി അനുസരിച്ച് സമ്പൂർണ്ണ വിശ്വാസത്തോടെ ജീവിതം ക്രമപ്പെടുത്തിയാൽ ദൈവം തന്റെ വ്യക്തമായ ലക്ഷ്യത്തിലേയ്ക്ക് വഴിനടത്തും.

## പിതാക്കന്മാരിലൂടെ... (10)

**(മലങ്കരസഭാ പിതാക്കന്മാരെ പരിചയപ്പെടുത്തുന്ന പംക്തി)**

## പ. പരുമല മാർ ഗ്രീഗോറിയോസ്



മലങ്കര സഭാംഗങ്ങളുടെ ഹൃദയങ്ങളിൽ നിന്നും മായാത്ത മുദ്ര പതിപ്പിച്ച പുണ്യശ്ലോകൻ 'പരുമല കൊച്ചു തിരുമേനി' ക്രിസ്തുവർഷം 1845 ജൂൺ 15-ന് മുളന്തുരുത്തി എന്ന സ്ഥലത്തുള്ള ചാത്തുരുത്തി ഭവനത്തിൽ കൊച്ചുമത്തായിയുടെയും മറിയത്തിന്റെയും ഇളയ പുത്രനായി ജനിച്ചു. ഓണക്കാവിൽ അയ്യാ, മണി എന്നി ഗുരുക്കന്മാരുടെ കീഴിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പിതൃസഹോദരനായ ഗീവർഗീസ് കത്തനാരുടെ കൂടെ താമസിച്ച് സുറിയാനി പഠിച്ചു.

1853 സെപ്റ്റംബർ 14-ന് കരിങ്ങാശ്രപള്ളിയിൽ വച്ച് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ബാലൻ ഗീവർഗീസിന് വൈദികസ്ഥാനത്തിന്റെ പ്രഥമ പടിയായ കോറൂയോ സ്ഥാനം നൽകി. തുടർന്നുള്ള സുറിയാനി വിദ്യാഭ്യാസം ആദ്യ ഗുരുവായ ഗീവർഗീസ് മല്പാന്റെ കീഴിലും തുടർന്ന് പാമ്പാക്കുട കോനാട്ട് മല്പാന്റെ കീഴിലും ശീമയിൽ നിന്ന് വന്ന മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കീഴിലും പൂർത്തിയാക്കി. മാർ കൂറിലോസ്, ഗീവറുഗീസ് ശെമ്മാശ്ശന് പൂർണ്ണ ശെമ്മാശ്ശപട്ടം നൽകി. മാർ കൂറിലോസ് തന്നെ അദ്ദേഹത്തിന് കത്തനാർ പട്ടവും തുടർന്ന് കോർഎപ്പിസ്കോപ്പാ സ്ഥാനവും നൽകി. തന്റെ വ്രതപരിപാലനം നിർബാധം തുടരുന്നതിന് അനുയോജ്യമായ വെട്ടിക്കൽ പള്ളിയിൽ അദ്ദേഹം താമസമാക്കി. 1872 ഏപ്രിൽ 7-ന് വചനിപ്പുപെരുന്നാൾ ദിവസം പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ റമ്പാനായി വാഴിച്ചു. 1875-ൽ മലങ്കരയിൽ എത്തിയ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ സെക്രട്ടറിയായും പരിഭാഷകനായും അദ്ദേഹം പ്രവർത്തിച്ചു. 1876 ഡിസംബർ 10-ന് വടക്കൻപറവൂർ പള്ളിയിൽ വച്ച് പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ 'മാർ ഗ്രിഗോറിയോസ്' എന്ന പേരിൽ മെത്രാനായി വാഴിച്ചു, നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നിയമിച്ചു. 29-ാ മത്തെ വയസ്സിൽ പരുമലയിൽ എത്തിയ തിരുമേനി പുലിക്കോട്ടിൽ മാർ ദീവന്നാസിയോസിന് ദാനമായി ലഭിച്ച സ്ഥലത്ത് നിർമ്മിച്ചിരുന്ന അഴിപ്പുരയിൽ ശെമ്മാശന്മാരെ പഠിപ്പിക്കുകയും പരുമല ആസ്ഥാനമാക്കി ഭദ്രാസന കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തു. ഇടക്കാലത്ത് നിരണത്തിനു പുറമെ, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതലയും വഹിച്ചു. മലങ്കരയുടെ പുറത്തേക്ക് സഭയുടെ ശാഖകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായ് മലബാർ, ഗോവ, സിലോൺ എന്നിവിടങ്ങളിലുള്ള അനേകം പേരെ സഭയിൽ ചേർത്തു. തുടർന്ന് 1889-ൽ അൽവാറീസ് റമ്പാനെ മാർ യൂലിയോസ് എന്ന പേരിൽ ബോംബെ, മംഗലാപുരം ഇടവകകളുടെ മെത്രാനായി വാഴിക്കുന്നതിലും തിരുമേനി നിർണ്ണായക പങ്ക് വഹിച്ചു.

അമേരിക്കൻ ഐക്യനാടുകളുടെ മെത്രാപ്പോലീത്തായായി ഫാ. റെനി വിലാത്തിയെ വാഴിക്കുന്നതിന് വേണ്ടി കൊളംബ് യാത്രയും വിശുദ്ധനാട് സന്ദർശിക്കുന്നതിനുവേണ്ടി ഊർശ്ലേം യാത്രയും നടത്തി. തിരുമേനിയുടെ പരിശ്രമാർത്ഥം അനേകം സ്കൂളുകളും പള്ളികളും സ്ഥാപിക്കപ്പെട്ടു. 1902 തുലാം 20-ന് കാലം ചെയ്തു. 1947 നവംബർ 2-ന് (45-ാം ചരമ വാർഷികത്തിൽ) പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര സഭാ സുന്നഹദോസ് വിശുദ്ധനായി പ്രഖ്യാപിച്ചു.



**വൈദിക സെമിനാരി വിദ്യാഭ്യാസത്തിന് പോകുന്ന അനൂപ് ജോസഫിന് യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ**

### വര



**സാഹസ് തോപ്പിൽ ക്ലാസ്സ് 2**



**ഏയ്ഞ്ചല ശോശന്ന വർഗീസ്, ദുബയ്**

## തിരുവോണം



**ചാക്കോ മാലത്ത്**

കൊഴിഞ്ഞുവീണ വർഷത്തിൽ
നിഴലിൽ നിന്നുകൊണ്ടു ഞാൻ
ഓമൽസ്മരണകളുള്ളത്തിൽ
ഓമനിക്കുന്നു പിന്നെയും
ഓടിച്ചെന്നെതിരേൽക്കുന്നു
ഓണത്തെ മലനാട്ടുകാർ
കർക്കിടകത്തിൽ കെടുതികൾ മാഞ്ഞു
കാർമേഘത്തിൻ കരിനിഴലും
പൊന്നിൽ ചിങ്ങം പുഞ്ചിരിതൂകി
പൊന്നോണപ്പൂവിടരുന്നെങ്ങും
മറഞ്ഞുപോയ് യാതനകൾ
കുറഞ്ഞുപോയ് വേദനകൾ
കരപുരളാതൊരു കാലം മുന്നിൽ
കരളിനു കുളിരും ശാന്തിയുമേകാൻ
സുന്ദരമായൊരു ഭാവിവരുന്നു
പൊന്നോണത്തിൻ പൊന്നൂഞ്ഞാലിൽ

# ഓർത്തഡോക്സ് ധ്വനി - 10

## വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന

### ഫാ. കെ. ഗീവർഗീസ് അഞ്ചൽ

*(അന്നാമ്മയുടെ ഭവനം. പാസ്റ്റർ പ്രവേശിക്കുന്നു)*

അന്നാമ്മ- നമസ്കാരം പാസ്റ്റർ ഇന്ന് വരുമെന്ന് പറഞ്ഞിരുന്നല്ലോ. വളരെ സന്തോഷം.

പാസ്റ്റർ- സ്തോത്രം. ഞാൻ ഇന്ന് വന്നത് ഒരു പ്രത്യേക കാര്യത്തെപ്പറ്റി തിരുവചനപ്രകാരം സംസാരിക്കാനാണ്.

അ-വളരെ സന്തോഷം. എന്താണ് ആ പ്രത്യേക കാര്യം.

പാ- പറയാം. പക്ഷെ തിരുവചനങ്ങളെ അടിസ്ഥാനമാക്കി മാത്രമാണ് സംസാരിക്കേണ്ടത്. അല്ലാതെ പൂർവ്വ നടപടിയെന്നും പിതാക്കന്മാരുടെ കാനോനാകളെന്നും ഒക്കെ പറഞ്ഞാൽ പറ്റില്ല.

അ- കാര്യം പറഞ്ഞാട്ടെ പാസ്റ്ററെ. വി. സഭയുടെ പൂർവ്വ നടപടികളും വി. പിതാക്കന്മാരുടെ കാനോനുകളും എല്ലാം തിരുവചനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അല്ലാതെ ആരും ഒന്നും പറയുന്നില്ല; ചെയ്യുന്നുമില്ല.

പാ- വേദതെളിവു തരണം. നിങ്ങൾ കന്യകാ മറിയാമിനോടും മരിച്ച വിശുദ്ധന്മാരോടും ഒക്കെ പ്രാർത്ഥിക്കുന്നത് എന്തിനാണ്.?

അ- അതു മദ്ധ്യസ്ഥ പ്രാർത്ഥനയല്ല. അവർ നമുക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കയാണ്. അല്ലാതെ അവർ നമ്മളെ അനുഗ്രഹിക്കേണമേയെന്ന് പ്രാർത്ഥിക്കുന്നില്ല.

പാ- അതാണ് ഞാൻ ചോദിക്കുന്നത്. അതൊരനാവശ്യമല്ലേ? മൂഢാചാരമല്ലേ?

അ- വിശുദ്ധന്മാരോടു മദ്ധ്യസ്ഥ പ്രാർത്ഥന നടത്തരുതെന്ന് വേദപുസ്തകത്തിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

പാ- ഉണ്ട്. തിരുവചനമുണ്ട്. 'ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഏക മദ്ധ്യസ്ഥൻ യേശുക്രിസ്തു' (1 തിമോ. 2:5) എന്ന് വി. പൗലൂസ് വ്യക്തമായി പറഞ്ഞിരിക്കുന്നു. യേശുക്രിസ്തുവാകുന്ന ഏക മദ്ധ്യസ്ഥനേ ഉള്ളുവെന്ന് തിരുവചനമുള്ളപ്പോൾ നിങ്ങൾ വിശുദ്ധന്മാരോട് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നത് സ്പഷ്ടമായും തെറ്റല്ലേ?

അ- പറയാം. യേശുക്രിസ്തു ഏക മദ്ധ്യസ്ഥനാകുന്നുവെന്നും അതുകൊണ്ട് വേറെ മദ്ധ്യസ്ഥൻ ഉണ്ടായികൂടായെന്നുമാണോ പാസ്റ്റർ പറയുന്നത്. ഏകമദ്ധ്യസ്ഥനേയുള്ളു അതു ക്രിസ്തു മാത്രം.

അ- ശരി. 1. തെസ്സ 5:22 വായിച്ചാട്ടെ.

പാ- (വായിക്കുന്നു) 'സഹോദരന്മാരെ! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ' ഇത് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള പ്രാർത്ഥനയാണ്.

അ- റോമ. 15:31 കൂടെ വായിച്ചാട്ടെ

പാ- 'നിങ്ങൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടണമെന്ന്.... നിങ്ങളെ പ്രബോധിപ്പിക്കുന്നു.' ഇതും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. അല്ലാതെ മരിച്ചുപോയ വിശുദ്ധന്മാരെക്കുറിച്ചല്ല.

അ- ദൈവത്തോടപേക്ഷിപ്പാൻ ഏക മദ്ധ്യസ്ഥനേ ഉള്ളുവെന്ന് പറഞ്ഞത് വി. പൗലൂസാണ്. ക്രിസ്തുവിനോടല്ലാതെ വേറെ മദ്ധ്യസ്ഥന്മാരോടപേക്ഷിച്ചതും വി. പൗലൂസ് തന്നെ. അത് എങ്ങനെ നീതീകരിക്കുന്നു?

പാ- സ്തോത്രം. സ്തോത്രം. വി. പൗലൂസ് അപേക്ഷിച്ചത് ജീവനോടിരിക്കുന്നവരോടാണ്. മരിച്ചവരോടല്ല.

അ-അതു ശരി. ഏക മദ്ധ്യസ്ഥൻ ക്രിസ്തുവേ ഉള്ളുവെന്ന് വ്യക്തമായിപ്പറഞ്ഞ വി. പൗലൂസ്, ജീവിച്ചിരിക്കുന്ന വേറെ മദ്ധ്യസ്ഥന്മാരോട് അപേക്ഷിച്ചിരുന്നുവെന്ന് സമ്മതിക്കുന്നില്ലേ? അപ്പോൾ വേറെ മദ്ധ്യസ്ഥന്മാർ ആകാം.

പാ- സമ്മതിക്കുന്നു.

അ- ജീവിച്ചിരിക്കുന്ന വേറെ മദ്ധ്യസ്ഥന്മാർ ഉണ്ടാകുമെന്ന് പാസ്റ്റർ സമ്മതിക്കുന്നു. ശരീരത്തിൽ നിന്നും വേർപ്പെട്ട് ജീവിക്കുന്ന വിശുദ്ധാത്മാക്കളോട് പ്രാർത്ഥിക്കരുതെന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടോ?

പാ- അങ്ങനെ പറഞ്ഞിട്ടില്ലെങ്കിലും പ്രാർത്ഥിക്കണമെന്ന് പറഞ്ഞിട്ടില്ല.

അ- പ്രാർത്ഥിക്കണമെന്നോ പ്രാർത്ഥിക്കരുതെന്നോ പറഞ്ഞിട്ടില്ല അല്ലേ?

പാ- അതേ.

അ-അത്തരത്തിൽ വ്യക്തമായ വേദവാക്യങ്ങൾ ഇല്ലാതിരിക്കുമ്പോഴാണ് വി. ശ്ലീഹന്മാരുടെ നടപടികളേയും അവരിൽ നിന്നും കണ്ടും കേട്ടും ഗ്രഹിച്ചും ഉള്ള പൂർവ്വ പിതാക്കന്മാരുടെ ഉപദേശങ്ങളേയും ചട്ടങ്ങളേയും (കാനോനുകൾ) നാം ആശ്രയിക്കുന്നത്. അങ്ങനെ ആശ്രയിക്കണമെന്നുള്ളത് വേദാനുസരണമാണല്ലോ (2 തിമോ. 2:2; ഫിലി. 4:9). ആദിമ അപ്പോസ്തോലിക സഭയിലെ നടപടിക്രമങ്ങളേയും നാം അറിഞ്ഞിരിക്കണം. അതും നിഷേധിക്കാവുന്നതല്ല.

പാ- അതൊക്കെ ശരിതന്നെ. ഈ മരിച്ചുപോയ വിശുദ്ധന്മാരോട് പ്രാർത്ഥിച്ചാൽ അവർക്ക് അതു കേൾക്കാൻ സാധിക്കുമോ? അവർക്കു സംസാരശക്തി ഉണ്ടാകുമോ? അവർക്കു നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കുമോ? പ്രാർത്ഥിച്ചാൽ ദൈവം കേൾക്കുമോ? ഇതൊക്കെയാണറിയേണ്ടത്.

അ- പറയാം. വാങ്ങിപ്പോയ വിശുദ്ധന്മാർക്ക് കേൾക്കുവാനും ഗ്രഹിക്കുവാനും പ്രാർത്ഥിക്കുവാനും കഴിവുണ്ടെന്ന് തിരുവചനപ്രകാരം തെളിയിക്കുന്നതിന് കഴിഞ്ഞാൽ വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ശരിയും ആവശ്യവുമാണെന്ന് പാസ്റ്റർ സമ്മതിക്കും. അല്ലേ?

പാ- അതു മാത്രം പോരാ. അങ്ങനെ പ്രാർത്ഥിച്ചതായും ഫലം ലഭിച്ചിട്ടുള്ളതായും കൂടെ തെളിയിക്കണം.

അ- ശരി. വാങ്ങിപ്പോയവർക്കു സംസാരശക്തിയുണ്ടാകുമോ എന്നു തന്നെ ആദ്യമായി പരിശോധിക്കാം. 1. ശമു. 28.11-19 വരെ വായിച്ചാട്ടെ.

പാ- ശൗൽ രാജാവിന് എന്തു ഭവിച്ചുവെന്നും ഭാവിയിൽ എന്താണ് ഭവിക്കാൻ പോകുന്നതെന്നും ശമുവേൽ പറയുന്ന ഭാഗമാണിത്.

അ- ഈ ശമുവേൽ നേരത്തെ മരിച്ചുപോയ ആളല്ലേ? മരിച്ചുപോയ ശമുവേൽ ജീവിച്ചിരുന്ന ശൗൽ രാജാവിനോട് സംഭവിച്ചതും സംഭവിക്കാനിരുന്നതുമായ കാര്യങ്ങൾ പറഞ്ഞതായി തിരുവെഴുത്തുകളിൽ കാണുമ്പോൾ മരിച്ചവർക്ക് സംസാരശക്തി ഉണ്ടെന്നുള്ള യാഥാർത്ഥ്യം സമ്മതിക്കാമോ?

പാ- കൂടുതൽ തെളിവുകൾ ഉണ്ടെങ്കിൽ കേൾക്കാനാഗ്രഹമുണ്ട്.

അ- ഇനിയും കേൾക്കണമോ? ഈ ഒറ്റ സംഭവം കൊണ്ടുതന്നെ സത്യം ബോധ്യമായില്ലേ? എന്നാലും പറയാം. ഹസ്ക്കി. 32:21 "വീരന്മാരിൽ ബലവാന്മാരായവർ അവന്റെ സഹായക്കാരോടുകൂടെ പാതാളത്തിന്റെ നടുവിൽ നിന്ന് അവരോടു സംസാരിക്കും." പരേതർക്കും സംസാരിക്കാം. ലൂക്കോ 9: 28-33 വരെ വാക്യങ്ങൾ വായിച്ചാട്ടെ.

പാ- മോശയും ഏലിയായും വന്ന് കർത്താവിനോട് സംസാരിക്കുന്ന ഭാഗമാണിത്.

അ-കർത്താവിനു വളരെ മുമ്പേ മരിച്ചുപോയ മോശയും ഏലിയായും വന്ന് കർത്താവിനോട് സംസാരിക്കുന്നു. അപ്പോൾ മരിച്ചവർക്ക് സംസാരശക്തിയുണ്ടോ? എന്തു പറയുന്നു? എന്തെങ്കിലും സംശയമുണ്ടോ? രക്തസാക്ഷികളായി നിദ്രപ്രാപിച്ചവർ ദൈവസിംഹാസനത്തിൻ മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപകൽ ആരാധിച്ചുകൊണ്ടിരിക്കുന്നു. വെളി. 7:10; 14-17 ഇനിയും പറയാം.

പാ-വേണ്ട അന്നാമ്മെ സ്തോത്രം. സ്തോത്രം. അതു സമ്മതിക്കുന്നു. എന്നാൽ യേശുക്രിസ്തു മോശയും ഏലിയായുമായി സംസാരിക്കുന്നത് മുഖാമുഖം കണ്ടുകൊണ്ടാണ്. നിങ്ങൾ പ്രാർത്ഥിക്കുന്നത് അങ്ങനെയല്ലല്ലോ. അപ്പോൾ എങ്ങനെയാണ് നിങ്ങളുടെ പ്രാർത്ഥനയും ഹൃദയവിചാരങ്ങളും അവൻ അറിയുന്നുവെന്ന് ബോധ്യമാകുന്നത്?

അ- അനന്യാസിന്റെയും സഫീറയുടെയും വഞ്ചനയെപ്പറ്റി അവരോ മറ്റാരെങ്കിലുമോ പറയാതെ എങ്ങനെയാണ് വി. പത്രോസ് മനസ്സിലാക്കിയത്? ജീവിച്ചിരിക്കുമ്പോൾ ദൈവം നൽകിയ ഈ ശക്തി മരണശേഷം എടുത്തുകളയുമെന്ന് വിചാരിക്കുന്നതെന്തിനാണ്?

പാ- മരണശേഷം നമ്മുടെ പ്രാർത്ഥനയോ ആവശ്യങ്ങളോ അവർ അറിയുന്നുവെന്നുള്ളതിന് തെളിവെന്താണ്?

അ- ലൂക്കോ 15:10-ൽ 'അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിലെ മാലാഖമാർ സന്തോഷിക്കുന്നുവെന്ന് കർത്താവ് പറയുന്നു. ഭൂമിയിലുള്ള പാപിയുടെ അനുതാപം സ്വർഗ്ഗത്തിലെ മാലാഖമാർ എങ്ങനെ അറിഞ്ഞു സന്തോഷിക്കുന്നു?

പാ- അത് മാലാഖമാരല്ലേ? മരിച്ചുപോയ വിശുദ്ധന്മാരല്ലല്ലോ.

അ- മത്താ. 22:30-ൽ മരിച്ചുപോയ വിശുദ്ധന്മാർ പ്രകൃതിയിൽ ദൈവദൂതന്മാരായ മാലാഖമാരെപ്പോലെയാകുന്നുവെന്ന് കാണുന്നു.

പാ- അതുകൊണ്ടെന്താണ്

അ- എബ്രയാർ 1:14-ൽ ദൈവദൂതന്മാർ രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ എന്നു ചോദിക്കുന്നു. മത്തായി 22:30 പുനരുത്ഥാനത്തിന്റെ മക്കൾ സ്വർഗ്ഗത്തിലെ ദൈവദൂതന്മാരെപ്പോലെയായിരിക്കും എന്ന് വായിക്കുന്നു.

പാ- ഈ വാക്യങ്ങൾ കൊണ്ട് അന്നാമ്മ എന്താണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്? സ്തോത്രം.

അ- പാസ്റ്ററേ! നിഷ്പക്ഷമായും മുൻവിധികൂടാതെ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കണമല്ലോ. മനുഷ്യവിചാരങ്ങൾ അറിയുവാൻ മാലാഖമാർക്കു കഴിയുമെങ്കിൽ, പ്രകൃതിയിൽ മാലാഖമാർക്കു സദൃശരും ശുശ്രൂഷയ്ക്ക് സേവനാത്മാക്കളായി മാലാഖമാരെ ലഭിച്ചിട്ടുള്ളവരും, മാലാഖമാരേക്കാൾ അധികാരവും ശക്തിയും കൂടുതലായി ലഭിച്ചിട്ടുള്ളവരും, പുത്രസ്വീകാരം ലഭിച്ചിട്ടുള്ളവരും നിത്യതയിൽ വസിക്കുന്നവരുമായ വിശുദ്ധന്മാരുടെ ആത്മാക്കൾക്ക് നമ്മുടെ പ്രാർത്ഥന കേൾപ്പാൻ നിശ്ചയമായും സാധിക്കുകയില്ലേ?

പാ- അതൊരു യുക്തിവാദമാണ്.

അ- എന്താ യുക്തി ഒരു ദുർഗുണമാണോ? കാര്യകാരണങ്ങളെ വസ്തുനിഷ്ഠമായി ഇണക്കിച്ചേർത്ത് ചിന്തിക്കുമ്പോൾ സംശയരഹിതമായി ലഭിക്കുന്ന ബോധ്യത്തെയാണ് യുക്തി എന്നു പറയുന്നത്. അതൊരു യാഥാർത്ഥ്യമാണ്.

## ഇടവകയുടെ അഭിമാന നക്ഷത്രം



സൗത്ത് പാമ്പാടി: ബൗദ്ധിക സ്വത്തവകാശ രംഗത്തെ രാജ്യാന്തര മാസികയായ *ടോട്ടൽ പേറ്റന്റ്*, ഇന്ത്യയിലെ പേറ്റന്റ് കൺട്രോളർ ജനറലായ പി. എച്ച്. കുര്യനെ ലോകത്തെ 50 പ്രമുഖ ബൗദ്ധിക സ്വത്തവകാശ സംരക്ഷകരിലൊരാളായി തിരഞ്ഞെടുത്തു.

ഇന്ത്യയിലെ കുത്തഴിഞ്ഞു കിടന്ന ബൗദ്ധിക സ്വത്തവകാശ രംഗത്തെ, അനവധി ഭരണ നടപടികൾ വഴി ഊർജ്ജ്വ സ്വലമാക്കിയതിനും അഴിമതി തടഞ്ഞതിനുമാണ് അംഗീകാരം. പി. എച്ച്. കുര്യൻ നമ്മുടെ ഇടവകയിലെ പുല്ലുക്കോട്ടയിൽ കുടുംബാംഗമാണ്.

## പരുമലതീർത്ഥാടനം

സൗത്ത് പാമ്പാടി: പരിശുദ്ധനായ പരുമല തിരുമേനിയുടെ കബറിങ്കലേക്കുള്ള ഈ വർഷത്തെ പദയാത്ര ഇടവക മാനേജിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ 31-ാം തീയതി രാവിലെ 6.30 ന് പ. പരുമല തിരുമേനിയുടെ നാമത്തിലുള്ള കുരിശടിയിൽ നിന്നു ആരംഭിക്കും. പൗലൂസ് ചാക്കോ, സി. എം. ജേക്കബ്, ഷാജി കുറിയാക്കോസ് എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.

## സുവർണ്ണനേട്ടത്തിന്റെ മൂന്നാം വർഷം

സൗത്ത് പാമ്പാടി: സൺഡേസ്കൂൾ പാമ്പാടി ഡിസ്ട്രിക്റ്റ് സഹപാഠ്യ മത്സരത്തിൽ 47 പോയിന്റുമായി സെന്റ് തോമസ് യൂണിറ്റ് മൂന്നാം വർഷവും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. സബ്ജൂനിയർ സംഗീതത്തിൽ സാന്ദ്രാ മറിയം സാജൻ ഒന്നാം സ്ഥാനവും ലേയ സൂസൻ സാബു മൂന്നാം സ്ഥാനവും പ്രസംഗത്തിൽ അൽസാ സാബു ഒന്നാം സ്ഥാനവും അക്സാ മെറിൻ ഷാജി രണ്ടാം സ്ഥാനവും ജസ്‌ലിൻ മെറിൻ ജോ ജൂനിയർ സംഗീതത്തിൽ രണ്ടാം സ്ഥാനവും പ്രസംഗത്തിൽ ഒന്നാം സ്ഥാനവും വേദവാക്യത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സമൂഹഗാനത്തിൽ ബിനിത സൂസൻ വർഗീസ്, ജസ്‌ലിൻ മെറിൻ ജോ, സ്നേഹ മറിയം ഐപ്പ് എന്നിവരുൾപ്പെട്ട ടീം രണ്ടാം സ്ഥാനവും, സീനിയർ സംഗീതത്തിൽ ഡോണ ആൻ ഏബ്രഹാം ഒന്നാം സ്ഥാനവും പ്രസംഗത്തിൽ നിഷിത മറിയം മാത്യു രണ്ടാം സ്ഥാനവും സമൂഹഗാനത്തിൽ ഡോണ ആൻ ഏബ്രഹാം, ജിനു മെറിൻ മാത്യു, റ്റിയ എലൻ കുറിയാക്കോസ് എന്നിവരുൾപ്പെട്ട ടീം ഒന്നാം സ്ഥാനവും ഹയർ സെക്കൻഡറി വിഭാഗത്തിൽ ഉപന്യാസത്തിലും പൊതുവിജ്ഞാനത്തിലും ബിബി. പി. മാത്യു രണ്ടാം സ്ഥാനവും കരസ്ഥമാക്കി വിജയത്തിൽ പങ്കാളികളായി. ഭദ്രാസന തല സഹപാഠ്യ മത്സരത്തിൽ സബ്ജൂനിയർ സംഗീതത്തിൽ സാന്ദ്രാ മറിയം സാജൻ ഒന്നാം സ്ഥാനവും ജൂനിയർ സമൂഹഗാനത്തിൽ ബിനിത സൂസൻ വർഗീസ്, ജസ്ലിൻ മെറിൻജോ, സ്നേഹ മറിയം ഐപ്പ് എന്നിവരുൾപ്പെട്ട ടീം ഒന്നാം സ്ഥാനവും സീനിയർ സമൂഹ ഗാനത്തിൽ ഡോണ ആൻ എബ്രഹാം, റ്റിയ എലൻ കുറിയാക്കോസ്, ജിനു മെറിൻ മാത്യു എന്നിവരുൾപ്പെട്ട ടീം രണ്ടാം സ്ഥാനവും നേടി ഭദ്രാസന തലത്തിലും സെന്റ് തോമസ് പള്ളിയുടെ യശ്ശസ്സുയർത്തി. വികാരി റവ. ഫാ. മാത്യു വർഗീസ്, ഹെഡ്മാസ്റ്റർ എ. റ്റി. തോമസ് എന്നിവരുടെ നേതൃത്വത്തിൽ നൽകിയ പരിശീലനം വിജയത്തിൽ നിർണ്ണായകമായി.

## ഓണാഘോഷം

സൗത്ത് പാമ്പാടി: നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇടവകയിൽ ഓണാഘോഷം നടത്തി. ആഗസ്റ്റ് 29-ാം തീയതി ശനിയാഴ്ച പ്രവർത്തകരുടെ നേതൃത്വത്തിൽ അത്തപ്പൂക്കളം നിർമ്മിച്ചു. സെപ്റ്റംബർ ഒന്നാം തീയതി ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം യുവജനപ്രസ്ഥാനം ഭദ്രാസന ജോയിന്റ് സെക്രട്ടറി ശ്രീമതി ജിൻസി സാജൻ നിർവ്വഹിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ ഓണക്കളികൾക്ക് ശേഷം പായസ വിതരണവും നടത്തി.

## ഒരുക്കധ്യാനം

സൗത്ത്പാമ്പാടി: ഇടവകയുടെ ശതാബ്ദി പദ്ധതികളുടെ ഭാഗമായി നടത്തുന്ന ഒരുക്കധ്യാനം ആഗസ്റ്റ് 7-ാം തീയതി വെള്ളിയാഴ്ച പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട് ധ്യാനം നയിച്ചു. റവ. ഫാ. മാത്യു വർഗീസ്, ഒ. എ. മാത്തൻ, ബാബു സഖറിയ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

**എന്റെ കണ്ണ് എപ്പോഴും യഹോവയിങ്കലേക്കാകുന്നു. അവൻ എന്റെ കാലുകളെ വലയിൽ നിന്നും വിടുവിക്കും (സങ്കീർത്തനങ്ങൾ 25:15)**

# GLOBAL MEET 2009

## ഡോ. ശോശക്കുട്ടി ജേക്കബ് (കോട്ടയം ഭദ്രാസന കമ്മറ്റി അംഗം)

മർത്തമറിയം വനിതാസമാജത്തിന്റെ 2009-ലെ വാർഷിക കോൺഫ്രൻസ് ഡൽഹി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ദിരാപുരം സ്കൂളിൽ വച്ചു നടന്നു. വന്ദ്യ ശ്രേഷ്ഠ കാതോലിക്കാ മിലിത്തിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ ലോക്സഭാ സ്പീക്കർ മീരാകുമാർ ഉദ്ഘാടനം ചെയ്തു. സിസ്റ്റർ ജസ്സി, (മൈനോരിറ്റി കമ്മീഷൻ പ്രതിനിധി, അഡ്വേക്കേറ്റ്), മാർ തെയോഫിലോസ് തിരുമേനി, മാർ ദീവന്നാസ്യോസ് തിരുമേനി, മാർ പീലക്സിനോസ് തിരുമേനി എന്നിവർ പ്രസംഗിച്ചു. സന്ധ്യാനമസ്കാരത്തിനു ശേഷം ഫാ. ഡോ. ഒ. തോമസ് "ഭൂമിയിലുള്ളതല്ല ഉയരങ്ങളിലുള്ളതു തന്നെ ചിന്തിപ്പിൻ" (കൊലൊ: 3:2) എന്ന വിഷയം അവതരിപ്പിച്ചു. സെപ്റ്റംബർ 27 രാവിലെ നിയുക്ത ബാവാ വി. കുർബ്ബാന അർപ്പിച്ചു. ഏവരും ശുഭ്രവസ്ത്രധാരികളായി വി. കുർബാന അനുഭവിച്ചു. പ്രഭാത ഭക്ഷണത്തിനുശേഷം "തീം സോങ്ങ്" പഠിച്ചു. ശ്രീ. ജിജി തോംസൺ ക്ലാസ്സ് എടുത്തു. ഫാ. ഡോ. ഒ. തോമസ് തീം ആധാരമാക്കി ആദ്യത്തെ ക്ലാസ്സ് നയിച്ചു. ഊണിനു ശേഷം W.H.O ലെ അംഗമായ ഡോ. ജയ സ്ത്രീകളുടെ രോഗങ്ങളെ ആധാരമാക്കി ക്ലാസ്സ് എടുത്തു. ഇടവേളയിൽ ഗ്ലോബൽ കോമ്പറ്റീഷൻ നടന്നു. ക്വിസ്സിന് നമ്മുടെ ഇടവകയിലെ ശ്രീമതി സാറാമ്മ കുര്യൻ അടങ്ങുന്ന ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. Bible Reading മത്സരത്തിലും കോട്ടയം ഭദ്രാസനം ഒന്നാം സ്ഥാനത്തെത്തി.

അത്താഴത്തിനു ശേഷം നടന്ന Talent Show-ൽ കോട്ടയം ഭദ്രാസനത്തിലെ സമാജാംഗങ്ങൾ മാർഗ്ഗംകളി എല്ലാ വേഷഭൂഷാദികളോടും തന്മയത്വത്തോടും കൂടി ഗ്ലോബൽ മീറ്റ് വേദിയിൽ അവതരിപ്പിച്ചു. 28-ാം തീയതി ഫാ. ജോൺ ശങ്കരത്തിൽ ധ്യാനം നയിച്ചു. ഗാനപരിപാടിക്കുശേഷം ഫാ. ഡോ. ഒ. തോമസിന്റെ രണ്ടാമത്തെ ക്ലാസ്സ് നടന്നു. ഇടയ്ക്ക് കോമ്പറ്റീഷനും നടന്നു. ഊണിനു ശേഷം കോമ്പറ്റീഷനും, ബിസിനസ്സ് സെഷനും നടന്നു. എല്ലാ ഭദ്രാസനക്കാരും പേപ്പർ പ്രസന്റേഷൻ നടത്തി. സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം മാർ ദീവന്നാസ്യോസ് തിരുമേനി ആത്മീയ പ്രഭാഷണം നടത്തി. അത്താഴത്തിനു ശേഷം സമാപന സമ്മേളനം നടന്നു. ജനറൽ സെക്രട്ടറി അക്കാമ്മ പോൾ റിപ്പോർട്ട് അവതരിപ്പിച്ചു. ഏകദേശം 12.30 മണിയോടുകൂടി സമ്മേളനം സമാപിച്ചു.

പങ്കെടുത്ത ഞങ്ങൾക്കോരോരുത്തർക്കും ഒരു Mometo യും ഒരു Clock ഉം സമ്മാനമായി ലഭിച്ചു. മലങ്കരസഭയിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമുള്ള പ്രവർത്തകരും ഗ്ലോബൽ മീറ്റിൽ പങ്കെടുത്തു.



മാർത്തോമ്മാ നിൻ ചരിതം........
ഗ്ലോബൽ മീറ്റിൽ നിന്നും

## ഫാ. ചന്ദ്രത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റ്

കോട്ടയം ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ 2009-10 വർഷം മുതലുള്ള പ്രവർത്തനങ്ങളുടെ സാരഥിയായി (വൈസ് പ്രസിഡന്റ് പദത്തിൽ) ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിലിനെ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി നിയമിച്ചു.

അമയന്നൂർ സ്വദേശിയായ ഇദ്ദേഹം, പാച്ചിറ താബോർ സെന്റ് മേരീസ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

## ബാലസമാജം

സൗത്ത്പാമ്പാടി: നമ്മുടെ ഇടവകയിലെ ബാലസമാജത്തിന്റെ 2009 വർഷത്തെ കലാമത്സരങ്ങൾ സെപ്റ്റംബർ 27-ാം തീയതി ഞായറാഴ്ച സൺഡേസ്കൂൾ ഹാളിൽ വച്ച് നടത്തപ്പെട്ടു. സബ് ജൂനിയർ, ജൂനിയർ, സീനിയർ തലങ്ങളിലായി നടത്തിയ മത്സരങ്ങളിൽ നൂറോളം കുട്ടികൾ പങ്കെടുത്തു. ഹെഡ്മാസ്റ്റർ എ. റ്റി തോമസ്, ബാലസമാജം കോ-ഓർഡിനേറ്റർ അശ്വിൻ കുറിയാക്കോസ് എന്നിവർ നേതൃത്വം നൽകി.

## "ഭൂമിയിൽ ഒരു സ്വർഗ്ഗം"

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം കുടുംബ ഭദ്രതാ മാസമായി ആചരിക്കുന്നു. കുടുംബ ഭദ്രതാ മാസാചരണത്തിന്റെ സഭാതല ഉദ്ഘാടനം ഒക്ടോബർ 4-ന് മാർ ഏലിയാ കത്തീഡ്രലിൽ വച്ച് നടന്നു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എം. ജി. സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. 'ഭൂമിയിൽ ഒരു സ്വർഗ്ഗം' എന്ന ഡോക്യുമെന്ററിയുടെ പ്രദമ പ്രദർശനവും വിവാഹാർത്ഥികൾക്കും കുടുംബസ്ഥർക്കും കൗൺസിലിംങ് സൗകര്യവും മാർഗ്ഗ നിർദ്ദേശവും നൽകുന്ന "www.marry2love. com" എന്ന കുടുംബ വെബ്സൈറ്റിന്റെ ഉദ്ഘാടനവും നടന്നു.

## സംയുക്ത പ്രാർത്ഥനായോഗം

സൗത്ത്പാമ്പാടി: ഇടവകയിലെ ഏഴു വാർഡുകളിലെയും പ്രാർത്ഥനാ യോഗങ്ങളുടെ ഒരു സംയുക്ത യോഗം 'കുടുംബ ഭദ്രതാ മാസാ'ചരണത്തിന്റെ ഭാഗമായ് ഒക്ടോബർ 25-ാം തീയതി ഞായറാഴ്ച ആലുംമൂട്ടിൽ മാത്യു വർഗീസിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെടും വികാരി റവ ഫാ. മാത്യു വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ഫാ. വിൽസൺ മുഖ്യ പ്രഭാഷണം നടത്തും. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വ ദിനാചരണത്തോടനുബന്ധിച്ച് ഡിസംബർ 20-ാം തീയതി പ്രാർത്ഥനായോഗങ്ങളുടെ ഒരു സംയുക്ത യോഗം കുരക്കവയലിൽ കെ. കെ. വർഗീസിന്റെ (രാജൻ കുഞ്ഞ്) ഭവനത്തിൽ വച്ച് നടക്കും.

## മോംസ് (MOMSS)

സൗത്ത്പാമ്പാടി: മലങ്കര ഓർത്തഡോക്സ് മാർത്തമറിയം സമാജം സൊസൈറ്റി (MOMSS) യുടെ ഒരു യൂണിറ്റ് നമ്മുടെ ഇടവകയിലും പ്രവർത്തനം ആരംഭിച്ചു. നമ്മുടെ സഭയിലെ സ്ത്രീകൾക്കിടയിൽ പരസ്പരം സഹകരണവും ഐക്യവും വർദ്ധിപ്പിക്കുക, അവരെ സമ്പാദ്യശീലമുള്ളവരാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് മോംസ് (MOMSS) പ്രവർത്തിക്കുന്നത്.

നമ്മുടെ ഇടവകയിൽ വിവിധ വാർഡുകളിലായി നാല് സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചു. ശ്രീമതി ശോശാമ്മ മാത്തൻ ഓണാട്ടുകുന്നേൽ മോംസിന്റെ അഖില മലങ്കര സെക്രട്ടറിയായി പ്രവർത്തിക്കുന്നു.



സൺഡേസ്കൂൾ ഭദ്രാസനതല വിജയികൾ

Wish You a Happy Married Life



ആളോത്ത് ജോൺ കുറിയാക്കോസിന്റെ പുത്രൻ ജോബിൻ ജോണും
കുളനട മെർലിൻ ഭവനിൽ പി. വി. ജോണിയുടെ പുത്രി മെർലിൻ ജോണിയും
**Best Wishes... Dear & Near**

Wish You a Happy Married Life



ചാത്തൻപുരയിടത്ത് പരേതനായ ചാക്കോ ഏബ്രഹാമിന്റെ പുത്രൻ സി. സി. ചാക്കോയും
മീനടം മുണ്ടപ്ലാക്കൽ തോമസ് വർഗീസിന്റെ പുത്രി ബോബിനാ തോമസും.
**Best Wishes... Dear & Near**

Wish You a Happy Married Life



പ്ലാത്തോട്ടത്തിൽ കെ. പി. ചാക്കോയുടെ പുത്രി അൻജു സാറാ ചാക്കോയും ചെങ്ങളം
കുന്നത്തുകടവിൽ ജോൺ ജോർജിന്റെ പുത്രൻ അനൂപ് ജോണും
**Best Wishes... Dear & Near**

Wish You a Happy Married Life



സൗത്ത് പാമ്പാടി പ്രതിഭയിൽ പ്രൊഫസർ കെ. കെ. ബേബിയുടെ പുത്രൻ പ്രശാന്തും
ഇളങ്ങുളം പുത്തൻപുരയ്ക്കൽ പി. റ്റി. തോമസിന്റെ പുത്രി റാണിയും
**Best Wishes... Dear & Near**

Published by Fr. Mathew Varghese on behalf of St. Thomas OCYM, South Pampady, Chief Editor Boby A. Chandy. Printed at Sophia Print House, Kottayam Mob: 99471 20697